# താമരമൊട്ടുകൾ

വാല്യം 24 | നവംബർ 2022 | ലക്കം 11 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 23 താമരമൊട്ടുകൾ നവംബർ 2022 ലക്കം 11

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




**"When in the Rosary we plead with Mary,
the sanctuary of the Holy Spirit, she intercedes for us
before the Father who filled her with grace and
before the Son born of her womb,
praying with us and for us."**
(St. John Paul II)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 832 |
| 2. | പ്രോഗ്രാം നവംബർ 2022 | 833 |
| 3. | കച്ചേരിക്കാര്യം | 834 |
| 4. | Decree on the Constitution of the XII Presbyteral Council | 836 |
| 5. | സ്നേഹസ്മരണ | 839 |
| 6. | വിശ്വാസപരിശീലനം | 840 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 843 |
| 8. | തിരുബാലസഖ്യം | 850 |
| 9. | ലിറ്റർജി കമ്മീഷൻ | 851 |
| 10. | സെമിനാരി വാർത്തകൾ | 852 |
| 11. | ബൈബിൾ അപ്പോസ്തോലേറ്റ് | 853 |
| 12. | സ്റ്റാർട്ട് | 854 |
| 13. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 855 |
| 14. | ആൽഫ മരിയ അക്കാദമി | 857 |
| 15. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 857 |
| 16. | ഇൻഫാം | 858 |
| 16. | കത്തോലിക്കാ കോൺഗ്രസ് | 859 |
| 17. | ജീസസ് ഫ്രട്ടേണിറ്റി | 862 |
| 18. | കരിസ്മാറ്റിക് മൂവ്മെന്റ് | 863 |
| 19. | ഫാമിലി അപ്പോസ്തലേറ്റ് | 866 |
| 20. | ബഥാനിയ ധ്യാനകേന്ദ്രം | 866 |
| 21. | വികസനവേദി | 868 |
| 22. | യേശുനിധി | 874 |

# BIRTH DAY GREETINGS

Rev. Fathers

| | | |
|---|---|---|
| Kalapurackal Thomas | November | 4 |
| Muringayil Sebastian | | 4 |
| Thevadiyil Thomas | | 8 |
| Vallikunnel James | | 8 |
| Nelliany Pius MSFS | | 10 |
| Embrayil Sebastian (Sr.) | | 11 |
| Panamattamparambil Sebastian | | 12 |
| Poovathinkal Paul | | 12 |
| Kiliyanparambil Joseph | | 13 |
| Koramkottu Mathew | | 14 |
| Puthenveettil Kurakose | | 15 |
| Pulimoottil Mathew (Sr.) | | 17 |
| Joseph Thomas OFM | | 19 |
| Kalariparambil John | | 20 |
| Chundayil Joseph | | 20 |
| Kavalakatt Sebastian | | 21 |
| Poriath Thomas | | 22 |
| Kavil Rony Paul | | 28 |

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Mangarayil Scaria | November | 5 |
| Nedumala Zacharias | | 5 |
| Ponganpara Cheriyan | | 5 |
| Thundathil Scaria | | 5 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം നവംബർ 2022

| | | |
|---|---|---|
| 01 | ചൊവ്വ | **സകല വിശുദ്ധരുടെയും തിരുന്നാൾ** |
| 02 | ബുധൻ | **സകല മരിച്ചവരുടെയും ഓർമ്മ** |
| 04 | വെള്ളി | വി. ചാൾസ് ബൊറോമിയോ |
| 05 | ശനി | വി. സഖറിയായും, വി. ഏലീശ്വായും |
| 07 | തിങ്കൾ | മതാധ്യാപകദിനം |
| 11 | വെള്ളി | ചരമദിനം: ഫാ. ഫിലിപ്പ് കണക്കഞ്ചേരി (2004) |
| 20 | ഞായർ | **മിശിഹായുടെ രാജത്വത്തിരുന്നാൾ** |
| 21 | തിങ്കൾ | വൈദിക സെമിനാർ (21–24) |
| 26 | ശനി | ചരമദിനം: ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് (2011) |
| 30 | ബുധൻ | അന്ത്രയോസ് ശ്ലീഹ |



# കച്ചേരിക്കാര്യം

### 1. ക്ലർജി സെമിനാർ

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് 2022 നവംബർ 21-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്നതും 24-ാം തീയതി വ്യാഴാഴ്ച സമാപിക്കുന്നതുമാണ്. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. ബഹു. വൈദികർ സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

### 2. ജൂബിലി ആഘോഷം

റവ. ഫാ. സെബാസ്റ്റ്യൻ വടക്കേൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയും റവ. ഫാ. ജെയിംസ് പുൽത്തകിടിയേൽ, റവ. ഫാ. ജോസഫ് തേക്കുംകാട്ടിൽ, റവ. ഫാ. ജോസഫ് കൂനാനിക്കൽ, റവ. ഫാ. ജോസഫ് മഞ്ഞക്കഴക്കുന്നേൽ, റവ. ഫാ. അബ്രാഹം വയലിൽ, റവ. ഫാ. മാത്യു പെരുവേലിൽ, റവ. ഫാ. വർഗീസ് മഠത്തിക്കുന്നേൽ എന്നിവരുടെ പൗരോഹിത്യ രജതജൂബിലിയും വൈദിക സെമിനാറിനോടനുബന്ധിച്ച് ആഘോഷിക്കുന്നതാണ്.

### 3. വൈദികസമിതി സമ്മേളനം

12-ാമത് വൈദിക സമിതിയുടെ ആദ്യസമ്മേളനം 2022 ഡിസംബർ 13 -ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. ബഹു. അംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതാണ്.

### 4. പാസ്റ്ററൽ കൗൺസിൽ സമ്മേളനം

12-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ആദ്യസമ്മേളനം 2022 ഡിസംബർ 17-ാം തീയതി താമരശ്ശേരി രൂപതാഭവനിലെ ഓഡിറ്റോറിയത്തിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

### 5. PPF ഇടവകവിഹിതം, വൈദികദിന സംഭാവന, വ്യക്തിവിഹിതം

വൈദിക ക്ഷേമനിധിയുടെ ഇടവകവിഹിതം, വൈദികദിന സംഭാവന, വ്യക്തിവിഹിതം എന്നിവ നൽകാത്തവർ Priest Provident Found,

0428053000000012 - SIBL0000428 (South Indian Bank Thamarassery) account-ലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

**6. പുതിയ അഡ്രസ്സ് & ഫോൺനമ്പർ**

Fr. Mathew Panachikkal
Terra Sancta College, Keren HaYesod 2,
Jerualem - 9119301, Israel
**Phone No. +972 58 368 7292**
**WhatsApp. +919447756351**

**7. ആദരാഞ്ജലികൾ**

പുഷ്പഗിരി ഇടവകാംഗമായ **ബഹു. ഫാ. ബാബു ജോസഫ് കുഴുമ്പിൽ സി.എം.ഐ.** അച്ചൻ 2022 ഒക്ടോബർ 24 ന് നിത്യസമ്മാന ത്തിനായി വിളിക്കപ്പെട്ടു. കോഴിക്കോട് സി.എം.ഐ. സെന്റ് തോമസ് പ്രൊവിൻസ് അംഗമായിരുന്ന അച്ചൻ 1996-ൽ ആണ് തിരുപ്പട്ടം സ്വീക രിച്ചത്. 2014-17 കാലയളവിൽ വികാർ പ്രൊവിൻഷ്യലായി സേവനം ചെയ്ത ബഹുമാനപ്പെട്ട അച്ചൻ മികച്ച ഒരു ധ്യാനപ്രസംഗകനും ഗായ കനുമായിരുന്നു. താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ വചനം പ്രസംഗിച്ച് അനേകരെ വിശ്വാസത്തിലേയ്ക്ക് നയിച്ചിരുന്ന അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 3 - 11 - 2001 | - | മോൺ. തോമസ് മൂലക്കുന്നേൽ |
| 10 -11 - 2006 | - | റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി |
| **11 -11 - 2004** | **-** | **റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി** |
| 18 -11 - 1982 | - | റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ |
| **26 -11 - 2011** | **-** | **റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട്** |

**പ്രോട്ടോസിഞ്ചെല്ലൂസ്**

Prot. No. D33/270/22

# DECREE

## Eparchy of Thamarassery

## Constitution of the XII Presbyteral Council

I, Mar Remigiose Inchananiyil, Bishop of Thamarassery, hereby constitute the XII Presbyteral Council of Eparchy of Thamarassery consisting of the following members. The duration of this council will be from 1st November 2022 to 31st October 2025.

**President** : **Mar Remigiose Inchananiyil**
**Vice President** : **Msgr. John Oravumkara** (Protosyncellus)

### Elected Members

1 Fr. Mathew Onayathumkuzhy
2 Fr. John Kalariparambil
3 Fr. Mathew Pulimoottil (Sr.)
4 Fr. Thomas Nagaparambil
5 Fr. George Karukamalil
6 Fr. Varghese Kalathoor
7 Fr. Sebastian Purayidathil
8 Fr. Jacob Koothoor
9 Fr. Abraham Vayalil
10 Fr. Sebastian Chembukandathil
11 Fr. Thomas Puthiyaparambil
12 Fr. Rony Paul Kavil
13 Fr. Simon Kizhakkekunnel
14 Fr. Mathew Kollamparambil
15 Fr. Kurian Thannickal
16 Fr. Joseph Chundayil
17 Fr. Cherian Ponganpara
18 Fr. George Vellaramkalayil

19 Fr. Chacko Mundackal
20 Fr. Alex Panachickl
21 Fr. George Purayidathil
22 Fr. Johns Pulparambil OFM Cap.
23 Fr. Augustine Chakkalayil CMI

## Ex-Officio Members

| | | |
|---|---|---|
| 1 | Msgr John Oravankara | Protosyncellus |
| 2 | Fr. George Mundanattu | Chancellor |
| 3 | Fr. Kuriakose Mukala | Finance Officer |
| 4 | Fr. James Vamattathil | Consultor |
| 5 | Fr. Joseph Kalarickal | Consultor |
| 6 | Fr. Johnson Kocheelath | Consultor |
| 7 | Fr. Kuriakose Thayyil | Consultor |
| 8 | Fr. Joseph Palakattu | Consultor |
| 9 | Fr. Jacob Areethara | Rector, Minor Seminary |
| 10 | Fr. Thomas Thekkel CMI | Provincial Superior, CMI |
| 11 | Fr. Joby John Edamuriyil CST | Provincial Superior, CST |
| 12 | Fr. Mathew Olickal MCBS | Provincial Superior, MCBS |
| 13 | Fr. Thomas Poriyath | Proto-Presbyter, Karuvarakundu |
| 14 | Fr. Antony Karikunnel | Proto-Presbyter, Perinthalmanna |
| 15 | Fr. John Moolayil | Proto-Presbyter, Thottumukkom |
| 16 | Fr. Kuriakose Iykolambil | Proto-Presbyter, Kodanchery |
| 17 | Fr. Vincent Kandathil | Proto-Presbyter, Koorachundu |
| 18 | Fr. George Kalathoor | Proto-Presbyter, Marudonkara |
| 19 | Fr. Sebastian Karakkattu | Proto-Presbyter, Vilangad |
| 20 | Fr. George Kalappurackal | Rector, Kulathuvayal |
| 21 | Fr. Joseph Pulichamakkal | Director, ALPHA |
| 22 | Fr. Scaria Mangarayil | Manager, Alphonsa College |
| 23 | Fr. Sebastian Pulickal | Director, Bethania |
| 24 | Fr. Mathew Thadathil | Director, CAMP |
| 25 | Fr. Kurian Thalachirakuzhiyil | Director, OASIS |
| 26 | Fr. Antony Chennikkara | Director, Vianney Priest Home |


| | | |
|---|---|---|
| 27 | Fr. Thomas Chilampikunnel | Director, Bible Apostolate |
| 28 | Fr. John Pallickavayalil | Director, Catechism |
| 29 | Fr. Sebastian Kavalakkattu | Director, PMOC & Family Apostolate |
| 30 | Fr. Joseph Kalathil | Director, Liturgy |
| 31 | Fr. Jacob Kizhakkeveettil | Admin. Director, START |
| 32 | Fr. George Chemparathickal | Director, COD |
| 33 | Fr. Jose Pennaparambil | Director, INFAM |
| 34 | Fr. Kurian Puramadathil | Director, Pope John Paul II Institute |
| 35 | Fr. Jacob Karakkunel | Director, KLM & LDS |
| 36 | Fr. Joseph Antheenadu | Director, CWC |
| 37 | Fr. Mathew Kulathingal & Pope Benedict Inst. | Director Kudumbakkottayama |
| 38 | Fr. Wilson Muttathukunnel | Director, Manomaya |
| 39 | Fr. Thomas Thevadiyil | Director, CML |
| 40 | Fr. George Vellackakudiyil | Director, KCYM |
| 41 | Fr. Mathew Thoomullil | Director, AKCC |
| 42 | Fr. Mathew Mulangassery | Director, Temperence |
| 43 | Fr. Thomas Parankulangara | RM, Deepika |

## Nominated Members

1 Fr. James Kallingal VC

2 Fr. Abraham Kavilpurayidathil

**Given from the Eparchial Curia on 18th October 2022.**



**✠Mar Remigiose Inchananiyil**
Bishop of Thamarassery

# സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. ഫിലിപ്പ്**
**കണക്കഞ്ചേരി**
**11-11-2004**



**റവ. ഫാ. അഗസ്റ്റിൻ**
**പന്നിക്കോട്ട്**
**26-11-2012**

# വിശ്വാസപരിശീലനം

"എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ച ദൈവഹിതം." (1 തെസലോനിക്ക 5:18)

## ലൂമിന 2022

ഒക്ടോബർ 2, 4, 8 തീയതികളിൽ മലപ്പുറം, കരുവാരകുണ്ട്, കൂരാച്ചുണ്ട് മേഖലകളിൽ ലൂമിന നടത്തി. ഒക്ടോബർ 08 ശനിയാഴ്ച കൂരാച്ചുണ്ട് മേഖലയിൽ വച്ചു നടന്ന പ്രോഗ്രാമോടുകൂടി ഈ അധ്യയന വർഷത്തെ ലൂമിന സമാപിച്ചു. രൂപതയിലെ HCC I, II ക്ലാസുകളിലെ മൂവായിരത്തോളം വരുന്ന കുട്ടികൾ ലൂമിനയിൽ സംബന്ധിച്ചു. രൂപതയിലെ 11 സെന്ററുകളിലായാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. ശ്രീ. ടോമി പെരുവിലങ്ങാട്ട് (മരുതോങ്കര) ആയിരുന്നു ഈ വർഷത്തെ പ്രോഗ്രാമിന് നേതൃത്വം നൽകിയത്. നുബിൻ ചൂരപ്പൊയ്കയിൽ (വിലങ്ങാട്), ചിന്തു രാജ് (തിരുവമ്പാടി) എന്നിവർ ഗാനശുശ്രൂഷ നടത്തി. ഈ വർഷത്തെ ലൂമിനയുടെ വിജയത്തിനായി പ്രയത്നിച്ച എല്ലാ മേഖലാ ഡയറക്ടേഴ്സിനും ഇടവക വികാരിയച്ചന്മാർക്കും മേഖലാഭാരവാഹികൾക്കും മതാധ്യാപകർക്കും പ്രത്യേകം നന്ദി.

## ലൂമിന ഇൻ വിഷൻ

11 മേഖലകളിലും സംഘടിപ്പിച്ച ലൂമിന പ്രോഗ്രാമുകളുടെ വീഡിയോകളും ഫോട്ടോകളും കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## തിരുനാൾ ആശംസകൾ

ഒക്ടോബർ 01-ന് നാമഹേതുക തിരുനാൾ ആഘോഷിച്ച അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്നുകൊണ്ടുള്ള മോൺ ജോൺ ഒറവുങ്കരയുടെ ആശംസാപ്രസംഗം കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ഏഴാമത്തെ ക്ലാസ് ഒക്ടോബർ 02-നും (ഞായർ) എട്ടാമത്തെ ക്ലാസ് ഒക്ടോബർ 16-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. '*ഏക മധ്യസ്ഥനായ ക്രിസ്തുവും വിശുദ്ധരുടെ മാധ്യസ്ഥവും*', എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. മാത്യു തൂമുള്ളിൽ (ഡയറക്ടർ, എ.കെ.സി.സി & എയ്ഡർ

ഫൗണ്ടേഷൻ) *'ആരാധനാക്രമവും വിശ്വാസജീവിതവും'* എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. അഗസ്റ്റിൻ തുറവയ്ക്കൽ (അസിസ്റ്റന്റ് വികാർ, കോടഞ്ചേരി) എന്നിവർ ക്ലാസെടുത്തു.

ACC ഓൺലൈൻ ക്ലാസുകൾ നവംബർ മാസത്തിൽ

നവംബർ 06 - ഞായർ
നവംബർ 20 - ഞായർ

## വിശുദ്ധ കുർബാനയും വിശുദ്ധരും

കൗദാശിക വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കാറ്റക്കിസം യുട്യൂബ് ചാനലിൽ 'വിശുദ്ധ കുർബാനയും വിശുദ്ധരും' എന്ന പ്രോഗ്രാം സംപ്രേക്ഷണം ചെയ്തു. വി. ചാൾസ് ദെ ഫുക്കോയെക്കുറിച്ച് റോസ്ബൽ മരിയ മഞ്ചേരിൽ (പേരാമ്പ്ര), വി. ഫിലിപ്പ് നേരിയെക്കുറിച്ച് ക്രിസ്റ്റോ ജേക്കബ് വീരാളശ്ശേരിൽ (പേരാമ്പ്ര) വിവരണം നടത്തി.

## മതബോധന അർധവാർഷിക പരീക്ഷ

ഒക്ടോബർ 30 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണി വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും മതബോധന അർധവാർഷിക പരീക്ഷ നടത്തി. അർധവാർഷിക പരീക്ഷയിൽ തോറ്റ കുട്ടികൾക്ക് ഇടവകാ തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി റീ-എക്സാമിനേഷൻ നടത്തേണ്ടതാണ്.

## മേഖലാതല പ്രതിഭാസംഗമം (12-ാം ക്ലാസ്സ്)

രൂപതാതല പ്രതിഭാസംഗമത്തിനു മുന്നോടിയായി മേഖലകളിൽ പ്രതിഭകളുടെ സംഗമം നടത്തി.

## രൂപതാതല പ്രതിഭാസംഗമം (12-ാം ക്ലാസ്സ്)

നവംബർ 19, 20 (ശനി, ഞായർ) തിയതികളിൽ പി. എം. ഒ. സി-യിൽ വച്ച് 12-ാം ക്ലാസിലെ രൂപതാതല പ്രതിഭാസംഗമം നടക്കുന്നതാണ്. നവംബർ 19-ന് ശനിയാഴ്ച രാവിലെ 10.30-ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന സംഗമം ഞായറാഴ്ച ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നതാണ്. മേഖലാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

## രൂപത മതബോധന കമ്മറ്റി

2022-2023 അധ്യയന വർഷത്തെ രണ്ടാമത്തെ രൂപതാ മതബോധന കമ്മറ്റി 2022 ഡിസംബർ 10 ശനിയാഴ്ച രൂപതാ ഭവനിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കൂടുന്നതാണ്. നാളിതുവരെയുള്ള മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തു

ന്നതിനും ഭാവി പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമാണ് നാം ഒരുമിച്ചു കൂടുന്നത്. നിലവിലുള്ള രൂപതാ മതബോധന കമ്മറ്റിയുടെ അവസാനത്തെ മീറ്റിംഗ് കൂടിയാണിത്. ഈ മീറ്റിങ്ങിൽ വച്ച് പുതിയ കമ്മറ്റിയെ തിരഞ്ഞെടുക്കുന്നതാണ്. ഇതിനു മുന്നോടിയായി മേഖലാതലത്തിൽ കമ്മറ്റിയുടെ തിരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്.

### പ്രധാനാധ്യാപക സംഗമം

2022-2023 അധ്യയന വർഷത്തെ രണ്ടാമത്തെ പ്രധാനാധ്യാപക സംഗമം 2022 ഡിസംബർ 31 ശനിയാഴ്ച നടത്തുന്നതാണ്. രാവിലെ 9.30-ന് ആരംഭിക്കുന്ന സമ്മേളനത്തിൽ രൂപതയിലെ എല്ലാ പ്രധാനാധ്യാപകരും നിർബന്ധമായും പങ്കെടുക്കണം. 25 വർഷം പൂർത്തി യാക്കുന്ന അധ്യാപകരുടെ ഫോട്ടോ അടങ്ങിയ CD അന്നേദിവസം കൊണ്ടുവരേണ്ടതാണ്. HCC പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ അന്നേദിവസം വിതരണം ചെയ്യുന്നതാണ്. ഉച്ചയ്ക്ക് 1.00 മണിക്ക് സംഗമം അവസാനിക്കും.

### ഡയറക്ടറച്ചന്റെ സന്ദർശനം

കക്കാടംപൊയിൽ, തെയ്യപ്പാറ ഇടവകകളിൽ സന്ദർശനം നടത്തി, വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തി.

### ASPCT (Advanced Self Study Program for Catechism Teachers)

ഫെബ്രുവരി 26-നു ഓരോ ഇടവകകളിലും വച്ചു നടക്കുന്ന ASPCT പരീക്ഷയെക്കുറിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ:

പഠനഭാഗം: യേശു മഹോന്നതൻ (പേജ് 255 മുതൽ 334 വരെ)

ചോദ്യങ്ങൾ: ആകെ 30 ചോദ്യങ്ങൾ അതിൽ 5 എണ്ണം ഒരു വാക്യത്തിൽ എഴുതാനുള്ളത്. 4 എണ്ണം പൊതുചോദ്യങ്ങൾ (പൊതുവിജ്ഞാനം, സഭാസംബന്ധമായത്) ആയിരിക്കും.

എല്ലാ വിശ്വാസപരിശീലകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. പങ്കാളിത്തത്തിന് ഗ്രേഡ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

**നവംബർമാസ പ്രോഗ്രാം**

01 ചൊവ്വ - സകല വിശുദ്ധരുടേയും തിരുനാൾ

02 ബുധൻ - സകല മരിച്ചവരുടെയും ഓർമ്മ,
പ്ലാറ്റിനം ജൂബിലിസമാപന അഖണ്ഡ ആരാധന - രൂപതാ തലം

04 വെള്ളി - വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ - മതാധ്യാപകരുടെ മദ്ധ്യസ്ഥൻ

05 ശനി - വി. സഖറിയാ, വി. ഏലീശ്വാ, രൂപത എക്സിക്യൂട്ടീവ്

06 ഞായർ - മതാധ്യാപകരെ ഇടവകളിൽ ആദരിക്കുന്നു.

12 ശനി - **രൂപതാതല പ്ലാറ്റിനം ജൂബിലി സമാപന ആഘോഷം - തിരുവമ്പാടി**

20 ഞായർ - **മിശിഹായുടെ രാജത്വതിരുനാൾ**

22 ചൊവ്വ - വി. സിസിലി (ഗായക സംഘത്തിന്റെ മദ്ധ്യസ്ഥ)

25 വെള്ളി - **ക്രിസ്തുമസ്സ് സുകൃതമഞ്ജരി നൽകുന്നു**

27 ഞായർ - മംഗലവാർത്ത 1-ാം ഞായർ

30 ബുധൻ - അന്ത്രയോസ് ശ്ലീഹാ

***പ്രവർത്തനങ്ങൾ***

* ജൂബിലി പ്രവർത്തന ഡോക്യുമെന്റേഷൻ (ജൂബിലി പ്രവർത്തനങ്ങൾ വിളംബരം മുതൽ സമാപനം വരെ)
* സിമിത്തേരി സന്ദർശനം
* രാജത്വ തിരുനാൾ ദിനത്തിൽ റാലി നടത്തുന്നു

**രൂപതാ കലോത്സവം**

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപതാ കലോത്സവം തിരുവമ്പാടി അൽഫോൻസ കോളേജിൽ വെച്ച് ഒക്ടോബർ 8 ന് നടത്തി. രൂപത പ്രസിഡണ്ട് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. തോമസ് തേവടിയിൽ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജിന്റോ തകിടിയേൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കലോത്സവത്തിൽ വിവിധ മേഖലകളിൽ നിന്നായി അഞ്ഞൂറോളം മത്സരാർത്ഥികൾ പങ്കെടുത്തു. ശാഖ തലത്തിൽ തിരുവമ്പാടി, ചക്കിട്ടപ്പാറ, കോടഞ്ചേരി ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മേഖ

ലാതലത്തിൽ തിരുവമ്പാടി മേഖല ഒന്നാം സ്ഥാനവും കൂരാച്ചുണ്ട് മേഖല രണ്ടാംസ്ഥാനവും മരുതോങ്കര മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കരുവാരകുണ്ട് മേഖല ഡയറക്ടർ ഫാ. ലിൻസ് മുണ്ടക്കൽ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. രൂപത ഭാരവാഹികളും തിരുവമ്പാടി മേഖല ഭാരവാഹികളും പരിപാടികൾക്ക്നേതൃത്വം നൽകി. കലോത്സവത്തിനായി വേദി അനുവദിച്ച അൽഫോൻസാ കോളേജ് മാനേജ്മെന്റിനും, സഹായിച്ച സ്റ്റാഫ് അംഗങ്ങൾക്കും രൂപതാ സമിതിയുടെ കൃതജ്ഞത സ്നേഹത്തോടെ അറിയിക്കുന്നു.

### മിഷൻ കലാമത്സരം 2022 വിജയികൾ

**സബ്ജൂനിയർ ബോയ്സ് – ബൈബിൾ വായന**

I ഡെറിക് റോഷിൻ തണ്ണിപ്പാറ, ഈസ്റ്റ്ഹിൽ
II കെവിൻ ജെ. ചെറിയാൻ, പഴേപറമ്പിൽ, ചിപ്പിലിത്തോട്
III ഐവിൻ ക്രിസ്റ്റോ പൂവത്തിങ്കൽ, ചുണ്ടത്തുംപൊയിൽ

**സംഗീതം**

I ജൂവൽ ക്രിസ്റ്റി കാരക്കട, കൂരാച്ചുണ്ട്
II അലൻ പീറ്റർ വല്ലേപ്പറമ്പിൽ, തേക്കുംകുറ്റി
III അജോയ് ബിനേഷ് കോക്കാട്ട്, കുപ്പായക്കോട്

**പ്രസംഗം**

I ഏൽറോയ് പാറത്തലയ്ക്കൽ, കണ്ണോത്ത്
II അലോഷ്യസ് ഇടുക്കുഴിമുകളേൽ, ചക്കിട്ടപ്പാറ
III റെയോൺ ഷിന്റോ പടിഞ്ഞാറേക്കൂറ്റ്, തിരുവമ്പാടി

**സബ്ജൂനിയർ ഗേൾസ് – ബൈബിൾ വായന**

I നിയ മരിയ മഞ്ഞക്കുന്നേൽ, കുളത്തുവയൽ
II ആൻ ടെസ് മാത്യു നരിപ്പാറ, തലയാട്
III ഏയ്ഞ്ചലിൻ തറപ്പുതൊട്ടിയിൽ, തോട്ടുമുക്കം

**സംഗീതം**

I എലൈൻ റോസ് പതാപ്പറമ്പിൽ, കൂടത്തായ്
II അഞ്ജുഷ മാവേലിൽ, മരുതോങ്കര
III റിജിന രാജു ചേരിയിൽ, തേക്കുംകുറ്റി

**പ്രസംഗം**

I മേധ കൊട്ടാരംകുന്നേൽ, ചക്കിട്ടപ്പാറ
II ജെന്നിഫർ വിൻസെന്റ് പരുന്തുവീട്ടിൽ, മരുതോങ്കര
III അന്ന ജോഷി പാട്ടശ്ശേരി, കോടഞ്ചേരി

**ജൂനിയർ ബോയ്സ് - ബൈബിൾ ക്വിസ്**

I ഡാനിയേൽ വടക്കൻ, തേഞ്ഞിപ്പാലം
II ഡോൺ ജോബി നരിവേലിപുതിയേടത്ത്, തിരുവമ്പാടി
III ഡിയോൺ കൊച്ചുകൈപ്പയിൽ, വിളക്കാംതോട്

**സംഗീതം**

I എഡ്വിൻ കടേപ്പറമ്പിൽ, കോട്ടയ്ക്കൽ
II ജോർജ് തങ്കച്ചൻ കുറൂർ, ചക്കിട്ടപ്പാറ
III ബെന്നെറ്റ് ജോസഫ് തുണ്ടുമുറിയിൽ, പുല്ലൂരാംപാറ

**പ്രസംഗം**

I ബ്രിട്ടോ സണ്ണി മുകളത്ത്, പുല്ലൂരാംപാറ
II ജെരാർഡ് പന്തപ്പിള്ളിൽ, മരഞ്ചാട്ടി
III ജോൺ ജോസഫ് കുന്നുംപുറത്ത്, കോടഞ്ചേരി

**ജൂനിയർ ഗേൾസ് - മിഷൻ ക്വിസ്**

I ലിയട്രീസ സുനിൽ കേഴപ്ലാക്കൽ, കൂരോട്ടുപാറ
II ദിയ ബിജു പരവര, മലപ്പുറം
III ആർദ്ര മെഴുകനാൽ, കണ്ണോത്ത്

**സംഗീതം**

I നിയ ചാർളി പെരിയപ്പുറത്ത്, പുല്ലൂരാംപാറ
II ജോവിറ്റ കട്ടിക്കാനായിൽ, മരിയാപുരം
III അനു ഷാജി കടന്തോട്ട്, മഞ്ചേരി

**പ്രസംഗം**

I എൽസ നിയ ചെരിയംപുറത്ത്, ചക്കിട്ടപ്പാറ
II റിയോണ മരിയ ജെയ്സൺ ഇളയിടത്ത്, കോടഞ്ചേരി
III അയന സന്തോഷ് ചാമപ്പറമ്പിൽ, തിരുവമ്പാടി

**സീനിയർ ബോയ്സ് - മിഷൻ ക്വിസ്**

I അലക്സ് ആന്റോ വാഴയിൽ, തിരുവമ്പാടി
II റിയോ പൈകയിൽ, വേനപ്പാറ
III ക്രിസ്റ്റോൺ കാഞ്ഞിരത്തിങ്കൽ, അശോകപുരം

**സംഗീതം**

I ജോസഫ് ജെയിംസ് മണ്ണുക്കുശുമ്പിൽ, ആനിക്കാംപൊയിൽ
II ജെറിൻ ജെയിംസ് പുത്തൻപുരയ്ക്കൽ, പൂതംപാറ
III ജോഷ്വ തോമസ് ചിറക്കടവിൽ, തിരൂർ

### പ്രസംഗം

I മെൽവിൻ കുളത്തിങ്കൽ, പെരിന്തൽമണ്ണ
II എഡ്‌വിൻ പ്ലാക്കിശ്ശേരി, വേനപ്പാറ
III ജെറിൻ ജെയിംസ് പുത്തൻപുരയ്ക്കൽ, പൂതംപാറ

### സീനിയർ ഗേൾസ് - മിഷൻ ക്വിസ്

I റോസ്‌മേരി അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ
II അലന്റ ജോബിൻസ് അറയ്ക്കപ്പറമ്പിൽ, തിരുവമ്പാടി
III എലിസ ഷാജു, വാടനാമല, കൂരാച്ചുണ്ട്

### സംഗീതം

I അൽക്ക. ഡി. മാത്യു വല്ലനാട്ട്, ചക്കിട്ടപ്പാറ
II അന്ന ഒറ്റലാങ്കൽ, കുറ്റിപ്പുറം
III ജ്യോതിസ് ജോസ് നിരപ്പത്ത്, തിരുവമ്പാടി

### പ്രസംഗം

I ആൻമേരി അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ
II ആൻമരിയ കാടക്കുഴ, പന്തല്ലൂർ
III സിന്റില കാരിക്കുഴിയിൽ, മഞ്ഞുവയൽ

### സൂപ്പർസീനിയർ ബോയ്സ് - മിഷൻക്വിസ്

I വർഗ്ഗീസ് കണ്ണാത്ത്, പെരിന്തൽമണ്ണ
II അമൽ ജോസ് കാവിൽപുരയിടത്തിൽ, വാളൂക്ക്
III സുനിൽ കേഴപ്ലാക്കൽ, കൂരോട്ടുപാറ

### സംഗീതം

I ജോണി നരിവേലിൽ, കക്കയം
II മെൽബിൻ പുൽപ്പറയിൽ, തോട്ടുമുക്കം
III ഡൊമിനിക് കാണിക്കാടൻ, മാലാപറമ്പ്

### പ്രസംഗം

I സജി വയലാമണ്ണിൽ, ആനിക്കാംപൊയിൽ
II ഷിബു മാത്യു എടാട്ട്, ചക്കിട്ടപ്പാറ
III മെൽവിൻ പാലാംതട്ടേൽ, പാറോപ്പടി

### സൂപ്പർ സീനിയർ ഗേൾസ് - മിഷൻ ക്വിസ്

I രോഷ്നി അഭിലാഷ് തടത്തിൽ, തലയാട്
II ഷൈനി താമരക്കാട്ട്, തിരുവമ്പാടി
III ജിൻസി സുബീഷ് പുതിയാപറമ്പിൽ, മഞ്ചേരി

**സംഗീതം**

I സീമ കാരക്കട, കൂരാച്ചുണ്ട്
II അഞ്ജലി രണ്ടുപ്ലാക്കൽ, വിലങ്ങാട്
III അലീന ജോസ് മാപ്രാണത്ത്, പാറോപ്പടി

**പ്രസംഗം**

I ഷിജി മണ്ണുക്കുശുമ്പിൽ, തിരുവമ്പാടി
II ഷൈനി ജോസഫ് പഴയംപള്ളി, ചാത്തൻകോട്ടുനട
III ജോഷിമ അമ്പാട്ട്, ചക്കിട്ടപ്പാറ

**സംസ്ഥാന മിഷൻ കലാമത്സരം 2022 രൂപതതല വിജയികൾ**

**ഒന്നാം സ്ഥാനം**

*സൂപ്പർ സീനിയർ ഗേൾസ് സംഗീതം -*
അഞ്ജലി രണ്ടുപ്ലാക്കൽ, വിലങ്ങാട്
*സബ് ജൂനിയർ ഗേൾസ് ബൈബിൾ വായന -*
നിയ മരിയ മഞ്ഞക്കുന്നേൽ, കുളത്തുവയൽ
*സൂപ്പർ സീനിയർ ബോയ്സ് സംഗീതം -*
ജോണി നരിവേലിൽ കക്കയം

**രണ്ടാം സ്ഥാനം**

*സബ് ജൂനിയർ ഗേൾസ് സംഗീതം -*
എലൈൻ റോസ് പതാപ്പറമ്പിൽ, കൂടത്തായ്
*ജൂനിയർ ഗേൾസ് മിഷൻ ക്വിസ് -*
ദിയ ബിജു പരവര മലപ്പുറം
*സൂപ്പർ സീനിയർ ബോയ്സ് -*
മെൽവിൻ പുൽപ്പറയിൽ തോട്ടുമുക്കം

**മൂന്നാം സ്ഥാനം**

*സൂപ്പർ സീനിയർ ഗേൾസ് സംഗീതം -*
സീമ കാരക്കട കൂരാച്ചുണ്ട്
*ജൂനിയർ ഗേൾസ് മിഷൻ ക്വിസ് -*
ലിയ കേഴപ്ലാക്കൽ, കൂരോട്ടുപാറ
*സീനിയർ ഗേൾസ് പ്രസംഗം -*

ആൻ മരിയ അഗസ്റ്റിൻ തലച്ചിറ, ചക്കിട്ടപ്പാറ

**സംസ്ഥാന സാഹിത്യ മത്സരം 2022 രൂപതതല വിജയികൾ**

**ഒന്നാം സ്ഥാനം**

*സീനിയർ ബോയ്സ് കഥാരചന* -

ജിസ്മോൻ കൊല്ലമന, കൂമംകുളം

*സൂപ്പർ സീനിയർ ഗേൾസ്* -

ഫിലോമിന അഗസ്റ്റിൻ ഇരുവേലിക്കുന്നേൽ, തേക്കുംകുറ്റി

**രണ്ടാംസ്ഥാനം**

*ജൂനിയർ ബോയ്സ് കഥാരചന* -

ഇമ്മാനുവേൽ ജോൺ പുതിയേടത്ത്, കോടഞ്ചേരി

*ജൂനിയർ ഗേൾസ് കഥാരചന* -

സലറ്റ് മരിയ ഷാജി കണ്ടത്തിൽ

*സീനിയർ ഗേൾസ് കഥാ രചന* -

ലൊറെൻ ജോർജ് അനന്തക്കാട്ട്, കൂരാച്ചുണ്ട്

*സൂപ്പർ സീനിയർ ബോയ്സ് കവിത രചന* -

ടോംസ് ടി സൈമൺ തോണക്കര, കൂടരഞ്ഞി

*സൂപ്പർ സീനിയർ ഗേൾസ് ഉപന്യാസം* -

ജിഷ സതീഷ് തെങ്ങുംപിള്ളി, കാറ്റുള്ളമല

**മൂന്നാം സ്ഥാനം**

*സീനിയർ ഗേൾസ് ഉപന്യാസം* -

ആൻ മരിയ ജോയ് മേലേട്ട്, കുളിരാമുട്ടി

*സൂപ്പർ സീനിയർ ബോയ്സ് കവിത രചന* -

ജോൺസൺ കോയിക്കക്കുന്നേൽ, കക്കയം

**പ്ലാറ്റിനംജൂബിലി സമാപന സമ്മേളനം - തിരുവമ്പാടി**

ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങൾ നവംബർ 12 ശനിയാഴ്ച തിരുവമ്പാടിയിൽ വെച്ച് നടത്തുന്നു. ഉച്ചകഴിഞ്ഞ് 1.30 ന് പാരിഷ് ഹാളിൽ വെച്ച് സമ്മേളനവും തുടർന്ന് പ്രേഷിത റാലിയും നടത്തുന്നു. ഉദ്ഘാടന സമ്മേളനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിക്കുന്നു. സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ മുഖ്യ പ്രഭാഷണം നടത്തും. പരിപാടിയിൽ വെച്ച് ആദ്യകാല മിഷൻ ലീഗ് പ്രവർത്തകരെ ആദരിക്കുകയും തുടർന്ന് രൂപതയിലെ എല്ലാ ശാഖകളെയും പങ്കെടുപ്പിച്ചുകൊണ്ട് വർണ്ണശബളമായ പ്രേഷിത റാലിയും സംഘടിപ്പിക്കുന്നു. മോൺ. ജോൺ ഒറവങ്കര റാലി ഫ്ളാഗ് ഓഫ് ചെയ്യും. നമ്മുടെ ഇടവകകളിലെ മുതിർന്നവർ, കുട്ടികൾ, യുവജനങ്ങൾ, മതാദ്ധ്യാപകർ എന്നിവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഏറ്റവും മനോഹരമായി റാലി നടത്തുവാൻ എല്ലാവരും ഒരുങ്ങണമെന്ന്

പ്രത്യേകം അഭ്യർത്ഥിക്കുന്നു. ബഹു. വികാരി അച്ചന്മാരുടെ നേതൃത്വത്തിൽ എല്ലാം ക്രമീകരിക്കുകയും, ബഹു. മേഖലാ ഡയറക്ടേഴ്സ് അച്ചൻമാർ, ബഹു. വൈസ് ഡയറക്ടർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും ചെയ്ത് റാലി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### മിഷൻ ഗെയിംസ് ഫുട്ബോൾ

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ശാഖ ടീമുകൾക്ക് വേണ്ടി നടത്തുന്ന സെവൻസ് ഫുട്ബോൾ മത്സരത്തിന്റെ പ്രാഥമിക റൗണ്ട് നവംബർ 19 ന് വിവിധ സോണുകളിൽ നടത്തുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ നവംബർ 5 ന് മുൻപ് 9446932005 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അതേ ഫോൺ നമ്പറിൽ 500 രൂപ രജിസ്ട്രേഷൻ ഫീസ് ഗൂഗിൾ പേ ചെയ്യേണ്ടതുമാണ്. 2007 ജനുവരി ഒന്നിന് ശേഷം ജനിച്ചവർക്ക് പങ്കെടുക്കാം. സ്വന്തം ഇടവകയ്ക്ക് വേണ്ടി മാത്രമേ ഒരാൾക്ക് കളിക്കൻ അനുവാദമുള്ളൂ. ഒരു ടീമിൽ 10 (7+3) പേർക്ക് കളിക്കാം. മറ്റു നിബന്ധനകൾ രജിസ്ട്രേഷൻ സമയത്ത് അറിയിക്കുന്നതാണ്.

### പ്ലാറ്റിനം ജൂബിലി സമ്മാനക്കൂപ്പൺ

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപതയിലെ എല്ലാ പ്രവർത്തന തലങ്ങളെയും സാമ്പത്തികമായി സഹായിക്കുവാൻ ഈ വർഷവും സമ്മാനക്കൂപ്പൺ അച്ചടിച്ച് മേഖലകൾ വഴി ശാഖകളിൽ നൽകുന്നു. നൽകുന്ന നിബന്ധനകൾ അനുസരിച്ച് വിറ്റഴിക്കുകയും, എല്ലാ ശാഖകളും അത് കൃത്യമായി തിരിച്ചേൽപ്പിക്കുവാനും അഭ്യർത്ഥിക്കുന്നു.

**ഫാ. തോമസ് തേവടിയിൽ**

ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# തിരുബാലസഖ്യം

**നവംബർ മാസ പ്രോഗ്രാം**

ക്രിസ്തുരാജന് പ്രതിഷ്ഠിതം

പരിചയപ്പെടുന്ന വിശുദ്ധർ - വി. സിസിലി

പ്രാർത്ഥനാ നിയോഗം - എല്ലാ കുടുംബങ്ങൾക്കും വേണ്ടി

| | | |
|---|---|---|
| സുകൃതജപം | - | ഓ എന്റെ ഈശോയെ എല്ലാ ശുദ്ധീകരണാത്മാക്കളുടെ മേലും കരുണയായിരിക്കണമേ |
| വചനം | - | ഞാൻ നിങ്ങളോട് പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (യോഹ. 6:63) |
| 01 ചൊവ്വ | - | സകല വിശുദ്ധരുടേയും തിരുനാൾ |
| 02 ബുധൻ | - | സകല മരിച്ചവരുടെയും ഓർമ്മ |
| 04 വെള്ളി | - | വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ - മതാധ്യാപകരുടെ മദ്ധ്യസ്ഥൻ |
| 05 ശനി | - | വി. സഖറിയാ, വി. ഏലീശ്വാ. |
| 06 ഞായർ | - | മതാധ്യാപകരെ ഇടവകളിൽ ആദരിക്കുന്നു. |
| 20 ഞായർ | - | **മിശിഹായുടെ രാജത്വതിരുനാൾ** |
| 22 ചൊവ്വ | - | വി. സിസിലി (ഗായക സംഘത്തിന്റെ മദ്ധ്യസ്ഥ) |
| 25 വെള്ളി | - | **ക്രിസ്തുമസ്സ് സുകൃതമഞ്ജരി നൽകുന്നു** |
| 27 ഞായർ | - | മംഗളവാർത്ത 1-ാം ഞായർ (ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുക്കുന്നു) |
| 30 ബുധൻ | - | അന്ത്രയോസ് ശ്ലീഹാ |
| പ്രവൃത്തി | - | ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, സിമിത്തേരി സന്ദർശിക്കുക. |
| ഗീതം | - | സകലവിശുദ്ധരുടെയും ലുത്തിനിയ |

**ഫാ. തോമസ് തേവടിയിൽ**

ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാഡമിയുടെ നേതൃതത്തിൽ മർഗാനീസ എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ 8, 22 തീയതികളിൽ നടന്നു. ക്ലാസുകൾ നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി അധ്യാപകനുമായ ബഹു. ഡോ. ജോസഫ് ചാലാശ്ശേരി അച്ചൻ ആണ്. 'വിശ്വാസജീവിതത്തിന്റെ ശക്തി കേന്ദ്രമായ വിശുദ്ധ കുർബാന' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കഴിഞ്ഞ ക്ലാസ്സുകളുടെ തുടർച്ചയായാണ് അദ്ദേഹം ക്ലാസ്സുകൾ നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ക്ലാസ്സുകളാണ് ഇത്. ഓരോ പ്രാവശ്യവും വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട വ്യത്യസ്തമായ വിഷയങ്ങളാണ്കൈകാര്യം ചെയ്യുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന രാജേഷ് കൂത്രപ്പള്ളി, താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗം റിജോ കൂത്രപ്പള്ളി എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

## ജപമാല ആചരണം

ജപമാല ഭക്തിക്കായി പ്രത്യേകമാംവിധം മാറ്റിവച്ചിരിക്കുന്ന ഒക്ടോബർ മാസത്തിൽ സെമിനാരിയിൽ ആഘോഷമായ ജപമാല ആചരണം ഒക്ടോബർ 6 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ നടത്തി.

## ഹോം ഡേ മത്സരങ്ങൾ

സെമിനാരി കുടുംബത്തിന്റെ സാഹോദര്യവും സ്നേഹവും ദൃശ്യമാകുന്ന ഹോം ഡേ സാഘോഷം കൊണ്ടാടി. വൈദിക വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തിയെടുക്കുന്ന കുടുംബദിന മത്സരങ്ങൾ ഒക്ടോബർ 6 ന് ആരംഭിച്ചു. രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് നടത്തിയ ഹോം ഡേ മത്സരങ്ങൾ വൈദിക വിദ്യാർത്ഥികളെ വ്യക്തിത്വ വികസനത്തിലും കൂട്ടായ്മയുടെ നന്മയിലും വളർത്തുവാൻ സഹായിച്ചു.

## മിഷൻ ഞായർ ആചരണം

മിഷനെ കൂടുതലായി അറിയുവാനും മിഷൻ പ്രവർത്തനങ്ങളെ സ്നേഹിക്കാനും അവരെ സഹായിക്കാനും മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതലായി പ്രാർത്ഥിക്കാനുമായി മിഷൻ ഞായർ ആചരണം നടത്തി. വൈകുന്നേരം നടത്തപ്പെട്ട മീറ്റിംഗിൽ വിശിഷ്ടാ തിഥിയായിരുന്ന MSFS മൈനർ സെമിനാരി റെക്ടർ ബഹു. ജോസഫ് കണ്ണമംഗലത്ത് അച്ചൻ അരുണാചൽപ്രദേശ്, നാഗാലാന്റ്, മിസോറാം എന്നീ മിഷൻപ്രദേശങ്ങളിലെ തന്റെ മിഷൻ അനുഭവങ്ങളെക്കുറിച്ച് വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസുകൾ എടുത്തു.

## വൺ ഡേ ഔട്ടിങ്ങ്

ഒക്ടോബർ 30 ന് വയലട സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് അർപ്പിക്കപ്പെട്ട വി. കുർബനയ്ക്കും ആഘോഷമായ ജപമാലയ്ക്കും ശേഷം വൈദിക വിദ്യാർത്ഥികൾ വയലടയിലെ വിനോദസഞ്ചാര കേന്ദ്രമായ മുള്ളൻപാറയിലേക്ക് വിനോദയാത്ര  നടത്തി.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ബൈബിൾ അപ്പോസ്തോലേറ്റ്

2022 സെപ്റ്റംബർ 25-ാം തീയതി നടന്ന അഖില കേരള ലോഗോസ് ബൈബിൾ ക്വിസ്സിൽ താമരശ്ശേരി രൂപതയിൽ നിന്നും 15466 പേർ പങ്കെടുത്തു. ലോഗോസ് ബൈബിൾ ക്വിസ് വിജയകരമായി നടത്താൻ നേതൃത്വം നല്കിയ വികാരിയച്ചന്മാരെയും മതാദ്ധ്യ പകരെയും നന്ദിയോടെ ഓർമ്മിക്കുന്നു.

ഓരോ ഇടവകയിൽ നിന്നും എ ഗ്രൂപ്പിൽ 60% മറ്റു ഗ്രൂപ്പുകളിൽ 70 % മുകളിൽ മാർക്ക് ലഭിച്ച ഏവർക്കും സർട്ടിഫിക്കറ്റും സമ്മാനവും രൂപതയിൽ നിന്ന് നല്കുന്നതാണ്.

രൂപതയിൽ നിന്ന് ഓരോ ഗ്രൂപ്പിലും വിജയിച്ച് സംസ്ഥാന മത്സരത്തിന് അർഹരായവരുടെ പേരുകൾ താഴെക്കൊടുക്കുന്നു.

**A group**

1. അന്ന സനീഷ് തോണക്കര കൂടരഞ്ഞി
2. സാറ മരിയ അന്തിനാട്ട് മരുതോങ്കര
3. ലിസ് മരിയ ബിജു ചമൽ

**B group**

1. ലിയ ട്രീസാ കേഴപ്ലാക്കൽ കൂരോട്ടുപാറ
2. അനു മരിയ കാരിവേലിൽ കക്കയം
3. ആർദ്ര ആൻ സജി മെഴുകനാൽ കണ്ണോത്ത്

**C group**

1. അതുല്യ മുണ്ടാട്ട് ചുണ്ടയിൽ പുഷ്പഗിരി
2. ഷിൻസ് സെബാസ്റ്റ്യൻ പൈനാടത്ത് പടത്തുകടവ്
3. ബ്ലെസ്സി മരിയ പ്ലാത്തോട്ടത്തിൽ മരുതോങ്കര

**D group**

1. സിസ്റ്റർ എയ്ഞ്ചൽ മരിയ എസ് എ ബി എസ് മലപ്പുറം
2. സിമി ജോസ് കറുകയിൽ അശോകപുരം
3. ജിഷ സന്തോഷ് കാക്കനാട്ട് കുപ്പായക്കോട്

**E group**

1. ലിസി ചേന്നംകുളം തിരുവമ്പാടി
2. ഡോ. സെലീന പെരുമ്പള്ളിയിൽ ഈസ്റ്റ്ഹിൽ.
3. മോളി കട്ടക്കയം ചാത്തൻകോട്ടുനട

**F group**

1. മാത്യു തൈകുന്നുംപുറം കൂരാച്ചുണ്ട്
2. റോസമ്മ മാടപ്പാട്ട് പാറോപ്പടി
3. ത്രേസ്യാമ്മ കൊടുകപ്പള്ളിൽ പുല്ലൂരാംപാറ
3. മേരി മാണി നെടുംപുറത്ത് അശോകപുരം

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ബൈബിൾ അപ്പസ്തോലേറ്റ്

# സ്റ്റാർട്ട്

## Artificial Intelligence and Computer Programming (One year course)

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിപ്ലവങ്ങൾക്ക് ഊർജമേകുന്ന ഇന്ധനമാണ് ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്. മനുഷ്യൻ ചെയ്യുന്ന ബുദ്ധിപരമായ എല്ലാ പ്രവർത്തനങ്ങളും നടത്താൻ സാധിക്കുംവിധം ആർട്ടിഫിഷ്യൽ ഇന്റലിജിൻസും കമ്പ്യൂട്ടറുകളും വളർന്നു വരുന്ന സാഹചര്യത്തിൽ അവയെക്കുറിച്ചുള്ള അറിവ് ഒഴിച്ചുകൂടാനാവാത്തതാണ്. ഈ സാഹചര്യത്തിൽ സ്റ്റാർട്ട് ഒരുക്കുന്ന ഈ ഏക വർഷ കോഴ്സ് ദേശീയവും അന്തർദേശീയവുമായ തൊഴിൽ മേഘലകളിൽ എത്തിപ്പെടാൻ സഹായിക്കും. 2023 ജനുവരി ഒന്നിനാണ് കോഴ്സ് ആരംഭിക്കുക.

*കോഴ്സിന്റെ പ്രധാന സവിശേഷതകൾ*

- എല്ലാ ശനിയാഴ്ച്ചകളിലും നടത്തപ്പെടുന്ന ഈ ക്ലാസുകൾ അന്തർദേശീയ തലത്തിൽ പ്രഗത്ഭരായ അധ്യാപകരാണ് നയിക്കുന്നത്.
- ക്ലാസ്സുകൾ വീട്ടിലിരുന്ന് ഓൺലൈൻ ആയോ അല്ലാത്തപക്ഷം ഓഫ്‌ലൈൻ ആയോ പങ്കെടുക്കാം.
- പ്ലസ് ടു വോ അതിലധികമോ വിദ്യാഭ്യാസ യോഗ്യതയുള്ള എല്ലാവർക്കും ഈ കോഴ്സിൽ സംബന്ധിക്കാം.

അന്തർ ദേശീയ തലത്തിൽ പുതിയ ചുവടുവെപ്പെന്നോണം സ്റ്റാർട്ട് നൽകുന്ന ഈ കോഴ്സിന് അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർ താൽപ്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

## ക്രിസ്തുമസ് അവധിക്കാലം വിജ്ഞാനപ്രദമാക്കാൻ Eureka Moment Camp II

ഓണാവധിക്കാലത്ത് START സംഘടിപ്പിച്ച Eureka Moment Campse ജൂനിയർ സീനിയർ വിഭാഗങ്ങളിലായി 160 ഓളം കുട്ടികൾ പങ്കെടുത്തു. ഈ വരുന്ന ക്രിസ്മസ് ക്യാമ്പിൽ വീണ്ടും കണ്ടുമുട്ടാം എന്ന് പറഞ്ഞാണ് അവരന്ന് യാത്ര പറഞ്ഞത്.

ക്രിസ്തുമസ് അവധിക്കാലത്ത് ഓരോ വിദ്യാർഥികളിലും അറിവും വിജ്ഞാനവും നിറയ്ക്കാൻ സ്റ്റാർട്ടൊരുക്കുന്ന Eureka Moment Camp വീണ്ടും. 6,7,8,9,10,11,12 ക്ലാസ്സുളിലെ വിദ്യാർത്ഥികൾക്കായാണ് ക്യാമ്പ് നടത്തപ്പെടുന്നത്. ഡിസംബർ 27,28,29 തിയ്യതികളിൽ നടത്തപ്പെടുന്ന ഈ ക്യാമ്പ് ഓരോ കുരുന്നു മനസ്സുകളിലും വിശ്വാസവും ധാർമ്മികതയും വളർത്താനുതകുന്നതാണ്.

വിവിധ മത്സര പരീക്ഷകൾക്കായി ചെറുപ്പം മുതൽ പഠിച്ചൊരുങ്ങാൻ ആവ

ശ്യമായ ക്ലാസ്സുകളും പ്രചോദനവും ക്യാമ്പിന്റെ സവിശേഷതയാണ്. പ്രഗത്ഭരായ അധ്യാപകർ വിവിധ വിഷയങ്ങളിൽ നൽകുന്ന ക്ലാസുകൾ തങ്ങളിലെ കഴിവുകളെ കണ്ടെത്താനും അത് വികസിപ്പിച്ച് ഏറ്റവും അനുയോജ്യമായ തൊഴിൽ മേഘലകൾ കണ്ടെത്താനും കുട്ടികളെ സഹായിക്കുന്നു. ഗ്രൂപ്പുചർച്ചകളും പൊതുവിജ്ഞാനവും ക്യാമ്പിൽ ഉൾപ്പെടുന്നു. ആത്മീയമായും ഭൗതീകമായും വിദ്യാർത്ഥികളുടെ സമഗ്രവികസനമാണ് ക്യാമ്പ് ലക്ഷ്യം വെക്കുന്നത്.

ബഹുമാനപെട്ട വികാരിയച്ചന്മാർ ഇടവകകളിലെ മിടുക്കരായ വിദ്യാർത്ഥികളെ ക്യാമ്പിലേക്ക് പറഞ്ഞു വിടുമല്ലോ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കായിരിക്കും മുൻഗണനന. താൽപ്പര്യമുള്ളവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

Contact details:

+91 4952357845, +91 9037107843, +91 9744458111

startofficial22@gmail.com, startcalicut22@gmail.com
www.startindia.org

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോ തെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും ക്ലാസ്സുകളും ഓഫ് ലൈനായും ഓൺലൈനായും നടക്കുന്നു.

കൗൺസലിംഗിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെ രുംപ്പെട്ടിക്കുന്നേൽ OFM CAP (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) ന്റെ സേവനവും JPI യിൽ ലഭ്യമാണ്.

**അറിയിപ്പുകൾ**

- എം.എസ്.സി. ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
- അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓൺലൈൻ)
- അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് (ഓൺ ലൈൻ) എന്നീ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകളുടെ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.

- 20 വർഷത്തിനുള്ളിൽ വിവാഹിതരായിട്ടുള്ള നവയുഗ മാതാപിതാക്കൾക്കായി പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്, വെബിനാർ സംഘടിപ്പിച്ചു. JPI ഡയറക്ടർ, ഡോ. കുര്യൻ പുരമഠം നയിച്ച ഈ'മോഡേൺ പാരെന്റിംഗ്' പരിശീലനപരിപാടിയിൽ കേരളത്തിനകത്തുംപുറത്തു നിന്നുമുള്ള നിരവധി പേർ പങ്കെടുത്തു.
- ലോക മാനസിക ആരോഗ്യദിന (ഒക്ടോബർ 10) ത്തോടനുബന്ധിച്ച് പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്, 08102022 ന് വെബിനാർ സംഘടിപ്പിച്ചു. JPI ഡയറക്ടർ ഡോ. കുര്യൻ പുരമഠം സ്വാഗതപ്രസംഗവും ഡോ. മുരളീധരൻ എം (സൈക്യാടിസ്റ്റ് ഗവ. മെന്റൽ ഹെൽത്ത് സെന്റർ കോഴിക്കോട്) ഉദ്ഘാടന പ്രസംഗവും നടത്തി. 'A positive Psychology in action' എന്ന വിഷയത്തെ ആസ്പദമാക്കി റെവ. ഡോ. രാജീവ് മൈക്കിൾ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എറണാകുളം) ക്ലാസ്സ് എടുത്തു.
- എം.എസ്.സി. 2020-22 ബാച്ചിന്റെ രണ്ടു ദിവസത്തെ സ്റ്റഡി ഔട്ടിങ്ങും എം .എസ്.സി. 2022-24 ബാച്ചിന്റെ വൺഡേ സ്റ്റഡി ഔട്ടി ങ്ങും നടത്തി.
- താമരശ്ശേരി രൂപതയിലെ ഇടവകകളെ കേന്ദ്രീകരിച്ച് കൗൺസലിംഗ് സേവനം നല്കുന്നതിന് മുന്നോടിയായി, JPI യിൽ നിന്നും കൗൺസലിംഗ് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയതിരഞ്ഞെടുക്കപ്പെട്ട 15 പേർക്ക്, ഡോ. കുര്യൻ പുരമഠത്തിന്റെ നേ തൃത്വത്തിൽ ഇന്റൻസ്സീവ് പരിശീലന പരിപാടികൾ നടന്നു.
- എം.എസ്.സി. ഇൻ കൗൺസലിംഗ് സൈക്കോളജി (ഓൺലൈൻ) 2023-25 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കൗൺസലിംഗ് ആവശ്യമുള്ളവരും

കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവരും താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

contact No: 949657 5018/9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ആൽഫ മരിയ അക്കാദമി

### മാതാപിതാക്കളുടെ സംഗമം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ നടത്തുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം വിവിധ സെന്ററുകളിൽ നടന്നു. സിവിൽ സർവീസ് കോഴ്സ് കോർഡിനേറ്റർ അബ്രാഹം പൈനാപ്പിളിൽ സാർ ക്ലാസ് എടുക്കുകയും കോഴ്സിന്റെ പ്രാധാന്യത്തെപ്പറ്റി മാതാപിതാക്കൾക്കും കുട്ടികൾക്കും പറഞ്ഞു കൊടുക്കുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ ആൽഫ മരിയ അക്കാദമി ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കൽ അധ്യക്ഷനായിരുന്നു. മീറ്റിങ്ങിൽ ഇതുവരെ നടന്ന എല്ലാ മത്സരങ്ങളിലും വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

### ജർമൻ ഭാഷാ പഠനം

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ വിവിധ സെന്ററുകളിൽ നടക്കുന്ന ജർമൻ ഭാഷാ പഠനത്തിന്റെ പുതിയ ബാച്ചുകളുടെ ക്ലാസുകൾ (A1, A2, B1, B2) നവംബർ 14 മുതൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0495 -2962180, 7907028758, 9946865818 നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

അവിവാഹിതകളായ യുവതികൾക്കു ഭർത്താവിന്റെ അനുമതി യോ അംഗീകാരമോ ആവശ്യമില്ലാതെ വിവാഹിതയായ സ്ത്രീ കൾക്കും ഗർഭചിദ്രം നടത്താൻ അവകാശമുണ്ടെന്ന സുപ്രീം കോടതി വിധി ആശങ്കപ്പെടുത്തുന്നതാണെന്ന് താമരശ്ശേരി മരിയൻ പ്രോ-ലൈഫ് സമിതി അഭിപ്രായപ്പെട്ടു.

ഗർഭാവസ്ഥയിലുള്ള ശിശുവിനെ മനുഷ്യ ജീവനായി പരിഗണിക്കണമെന്നും ഏതൊരു പൗരനെയും പോലെ ജീവിക്കുവാനുള്ള അവകാശം ആ കുഞ്ഞിനും ഉണ്ടെന്നും സമിതി വിലയിരുത്തി. എം.ടിപി ആക്ട് പോലുള്ള കിരാത നിയമം പിൻവലിക്കേണ്ടതാണ്. ഉപരിപ്ലവമായ സ്ത്രീപക്ഷ ചിന്തകൾക്കപ്പുറം ജീവന്റെ വിലമനസിലാക്കിയുള്ള വിധികളാണ് ഉണ്ടാകേണ്ടതെന്ന് സമിതി നിരീക്ഷിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, രൂപത പ്രസിഡന്റ് സജീവ

പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, കെസിബിസി സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടം എന്നിവർ പ്രസംഗിച്ചു.

### അഖണ്ഡ ജപമാലയിൽ പങ്കുചേർന്നു

പുല്ലൂരാംപാറ ബഥാനിയായിൽ നടന്ന അഖണ്ഡ ജപമാലയിൽ ഒക്ടോബർ 9-ാം തീയതി പ്രോ-ലൈഫിന്റെ ആഭിമുഖ്യത്തിൽ 6 മണി മുതൽ 11 മണി വരെ പ്രോ-ലൈഫ് അംഗങ്ങൾ അഖണ്ഡജപമാലയിൽ പങ്കുചേർന്നു. പ്രോ-ലൈഫ് ഭാരവാഹികളായ ഫാ. ജോസ് പെണ്ണാപറമ്പിൽ, സജീവ് പുരയിടത്തിൽ, ജോൺസൺ തെങ്ങുംതോട്ടത്തിൽ, മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, ടോമി പ്ലാത്തോട്ടത്തിൽ, തോമസ് പുത്തൻപുര എന്നിവർ നേതൃത്വം നൽകി. അൻപതോളം പ്രോ-ലൈഫ് അംഗങ്ങൾ പ്രാർത്ഥനയിൽ പങ്കെടുത്തു.

**സജീവ് പുരയിടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ഇൻഫാം

### ആനക്കാംപൊയിൽ കാർഷിക ഗ്രാമം

ഇൻഫാം ആനിക്കാംപൊയിൽ യൂണിറ്റ് രക്ഷാധികാരി ബഹു. ഫാ. അഗസ്റ്റിൻ പാട്ടാനിയിലിന്റെ നേതൃത്വത്തിൽ ആനക്കാംപൊയിൽ പള്ളിമുറിയിൽ വച്ച് ചേർന്ന യോഗത്തിൽ രൂപത ഇൻഫാം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഇൻഫാം പ്രസിഡണ്ട് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ എന്നിവർ പങ്കെടുത്തു. സമ്മേളനത്തിൽ വച്ച് താഴെപ്പറയുന്ന കർഷകരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

പ്രസിഡന്റ് ബാബു തിനംപറമ്പിൽ, സെക്രട്ടറി ഫ്രിജിൽ വാളനാംകുഴി, ട്രഷറർ ബിജു പടിഞ്ഞാറെക്കുറ്റ്, എക്സിക്യൂട്ടീവ് അംഗങ്ങൾ ബെന്നി ജേക്കബ്, വർഗീസ് ചിരട്ടവേലിൽ, ചാക്കോ കൊച്ചിലാത്ത്, സജൻ പുതിയകുന്നേൽ, സെബാസ്റ്റ്യൻ കൊളക്കാട്.

### വേനപ്പാറ കാർഷിക ഗ്രാമം

വേനപ്പാറ കാർഷിക ഗ്രാമം രക്ഷാധികാരി ബഹു. സൈമൺ കിഴക്കേകുന്നേൽ അച്ചന്റെ അധ്യക്ഷതയിൽ വേനപ്പാറ പള്ളിമുറിയിൽ വച്ച്, ഇൻഫാം രൂപത ഡയറ

കൂർ ജോസ് പെണ്ണാപറമ്പിൽ രൂപതാ പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കകണ്ട ത്തിൽ എന്നിവർ സംബന്ധിച്ച മീറ്റിങ്ങിൽ വച്ച് താഴെപ്പറയുന്ന കർഷകരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

പ്രസിഡണ്ട് ജോണി നെടുംകല്ലേൽ, സെക്രട്ടറി അബ്രഹാം നെടുങ്കല്ലേൽ, ട്രഷറർ പി.സി ജോസ്

### മഞ്ഞുവയൽ കാർഷിക ഗ്രാമം

മഞ്ഞുവയൽ എൽ പി സ്കൂളിൽ വച്ച് മഞ്ഞുവയൽ കാർഷിക ഗ്രാമം രക്ഷാധികാരി ബഹുമാനപ്പെട്ട ജോർജ് കറുകമാലിൽ അച്ചന്റെ അധ്യക്ഷതയിൽ ഇൻഫാം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ രൂപത പ്രസിഡന്റ് അഗസ്ത്യൻ പുളിക്കകണ്ടത്തിൽ എന്നിവർ പങ്കെടുത്ത യോഗത്തിൽ താഴെപ്പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

പ്രസിഡന്റ് ഷാജി ചൂരപ്പൊയ്കയിൽ, സെക്രട്ടറി ലൈജു അറക്കപ്പറമ്പിൽ, ട്രഷറർ വിൽസൺ തറപ്പിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ: ജോസഫ് ആലവേലിൽ, ബെന്നി പല്ലാട്ട്, ചാക്കോ ഓരത്തേൽ, തോമസ് കലയങ്കര.

**അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

## കത്തോലിക്കാ കോൺഗ്രസ്

### 1. 'മദർ തെരേസ യോടൊപ്പം Youth Walk'

സമൂഹത്തിൽ തിരസ്കരിക്കപ്പെട്ടവരുടെയും ശാരീരികവും മാനസികവുമായി അവശത അനുഭവിക്കുന്നവരുടെയും പക്ഷത്തു നിൽക്കാൻ ആഹ്വാനം ചെയ്ത് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിൽ സംഘടിപ്പിച്ച ദശദിന കാരുണ്യോത്സവമായ "മദർ തെരെസയോടൊപ്പം യൂത്ത് വാക്ക്" സംഘടിപ്പിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ 104 -ാം വാർഷിക വേളയിൽ കേരളത്തിലെ 13 രൂപതകളിൽ 1000 വോളണ്ടിയർമാർ 104 ജീവകാരുണ്യ സെന്ററുകളിൽ കടന്നു ചെല്ലുകയും ഞങ്ങൾ കൂടെയുണ്ട് എന്ന സന്ദേശം നൽകുകയും ചെയ്യുന്ന ഈ പദ്ധതി മദർ തെരെസയുടെ ജന്മദിനമായ ഓഗസ്റ്റ് 26 മുതൽ മദർ തെരെസയുടെ ഓർമ്മ ദിവസമായ സെപ്റ്റംബർ 5 വരെയാണ് നടന്നത്.

മദർ തെരെസയോടൊപ്പം യൂത്ത് വാക്ക് പ്രോഗ്രാമിന്റെ താമരശ്ശേരി രൂപത തല ഉദ്ഘാടനം മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ആകാശപറവകളുടെ സ്ഥാപനത്തിൽ രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു. ചടങ്ങിൽ ആകാശപറവകളുടെ ഡയറക്ടർ ഫാ. വിൻസൺ മൊയലൻ CMI യെ ചടങ്ങിൽ ആദരിച്ചു.

താമരശ്ശേരി രൂപതയിലെ ആശ്രയ സേവന സംഘം, (ആകാശപറവകൾ) വെട്ടത്തൂർ, വിമല ഹൃദയ ആശ്രമം (ആകാശപറവകൾ) തൂവൂർ, കാരുണ്യ സധൻ പാലൂർകോട്ട, ഫാത്തിമ മാതാ ചാരിറ്റബിൾ ബോർഡിങ് ഹോം മരിയാപുരം , Assisi school for the deaf Malaparambu മലപ്പുറം, ശാന്തി ഭവൻ കുണ്ടായിത്തോട്, Home of Love മലാപ്പറമ്പ്, മറിയം ത്രേസ്യ ഗുരുകുലം പെരുവയൽ, Missionaries of Charity വെസ്റ്റ് ഹിൽ, കരുണാഭവൻ കോഴിക്കോട്, സ്നേഹനിവാസ് ഓൾഡേജ് ഹോം അമ്പായത്തോട്, യേശുഭവൻ അമ്പായത്തോട്, സിയോൻ ഓൾഡേജ് ഹോം കണ്ണോത്ത്, സ്നേഹാലയം തിരുവമ്പാടി, സാൻജോ പ്രതീക്ഷാഭവൻ തൊണ്ടിമ്മൽ, ശാലോം മാതാ ചെരണി എന്നീ 16 സെന്ററുകളിൽ അംഗങ്ങൾ സന്ദർശനം നടത്തി. രണ്ടുലക്ഷത്തി അയ്യായിരത്തി ഒരുനൂറ്റി അമ്പതു രൂപയോളം ഈ പതിനാറു സെന്ററുകളിൽ സംഭാവനയായി നൽകാൻ രൂപത കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽലിനു കഴിഞ്ഞു. താമരശ്ശേരി രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ്, മേഖല, രൂപത ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവരുടെ അകമഴിഞ്ഞ പിന്തുണയും സഹകരണവും പരിപാടിയെ വിജയമാക്കി.

ഈ കാരുണ്യോത്സവത്തിന്റെ രൂപതതല സമാപനം രൂപതയുടെ തന്നെ അഗതി മന്ദിരമായ കരുണാഭവനിൽ കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ലെഗേറ്റും രൂപതാദ്ധ്യക്ഷനുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു . കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു, രൂപത ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, ഗ്ലോബൽ സെക്രട്ടറി ട്രീസ ലിസ് സെബാസ്റ്റ്യൻ, രൂപത സെക്രട്ടറി അനീഷ് വടക്കേൽ ,കോഴിക്കോട് കോർപറേഷൻ കൗൺസിലർ അൽഫോൻസാ മാത്യു, രൂപത വൈസ് പ്രസിഡന്റ് ഷാജി കണ്ടത്തിൽ എന്നിവർ പ്രസംഗിച്ചു. യൂത്ത് കൗൺസിൽ രൂപത കോർഡിനേറ്റർമാരായ ജോമോൻ മതിലകത്ത്, ഷാന്റോ തകിടിയേൽ, ജെസ്റ്റിൻ തറപ്പേൽ, സർജു, അമൽ, അനില ആന്റണി എന്നിവർ ദശദിന കാരുണ്യ പരിപാടികൾക്ക് നേതൃത്വം നൽകി.

## രൂപത എക്സിക്യൂട്ടീവ് യോഗവും ജനറൽ ബോഡി യോഗവും

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപതയുടെ എക്സിക്യൂട്ടീവ് ജനറൽ ബോഡി യോഗങ്ങൾ ചേർന്നു. രൂപത ഓഫീസിൽ വച്ച് നടത്തിയ യോഗ

ത്തിൽ പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ജനറൽ ബോഡിയിൽ വിവിധ ഫൊറോനകളിൽ നിന്നും നേതാക്കൾ പങ്കെടുത്തു. രൂപത വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മരുതോങ്കര ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോൺസൻ പൂകമലയെ വർക്കിംഗ് കമ്മറ്റി യോഗം അംഗീകരിച്ചു.

## യൂണിറ്റ് വിസിറ്റ് (വീസീത്ത)

താമരശ്ശേരി രൂപതയിലെ മുഴുവൻ ഇടവകകളിലും യൂണിറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച യൂണിറ്റ് വിസീത്തക്ക് തുടക്കമായി. ഇനിയും യൂണിറ്റുകൾ ആരംഭിക്കാത്ത ഇടവകകളിൽ കത്തോലിക്ക കോൺഗ്രസ് പ്രവർത്തന സജ്ജമാക്കുക എന്നതാണ് ലക്ഷ്യം. ഇതനുസരിച്ച് പാറോപ്പടി ഫൊറോനയിൽ പുതിയ യൂണിറ്റുകൾ സ്ഥാപിച്ചു.

## പ്രതിഷേധങ്ങൾ

EWS സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർഥികളെ വില്ലേജ് ഓഫിസർമാർ മുട്ടാപ്പോക്ക് ന്യായങ്ങൾ പറഞ്ഞ് തിരിച്ച് അയക്കുന്നതെതിരെയും , ഞായറാഴ്ചകൾ പ്രവർത്തി ദിവസമാക്കാനുള്ള സർക്കാരിന്റെ തീരുമാനങ്ങൾക്കെതിരെയും സിനിമകളിലെ അന്ധവിശ്വാസ പ്രചരണത്തിനെതിരെയും കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ശക്തമായി പ്രതിഷേധിച്ചു.

## നിവേദനം നൽകി

EWS സംവരണത്തിലെ പുതുക്കിയ മാനദണ്ഡം സംബന്ധിച്ച് റവന്യു ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മന്ത്രി ശ്രീ. റോഷി അഗസ്റ്റിന് നിവേദനം സമർപ്പിച്ചു.

## കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റ്

ബാങ്കോക്കിൽ വച്ച് നടന്ന കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ മീറ്റിൽ രൂപത സമിതിയെ പ്രതിനിധീകരിച്ച് ഡയറക്ടർ. ഫാ. മാത്യു തൂമുള്ളിൽ, ഗ്ലോബൽ സെക്രട്ടറി ട്രീസ ഞാരളക്കാട്ട്, എക്സിക്യൂട്ടിവ് അംഗം മാർട്ടിൻ തച്ചിൽ എന്നിവർ സംബന്ധിച്ചു. മൂവരും സമ്മേളനത്തിൽ വിഷയാവതരണം നടത്തി.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# ജീസസ് ഫ്രട്ടേണിറ്റി

"ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുക്കൽ വന്നു" (മത്താ. 25:36)

2022 ആഗസ്റ്റ് മാസത്തോടെ, ജയിൽ മിനിസ്ട്രിയുടെ ശുശ്രൂഷകൾ പൂർവ്വാധികം ഊർജ്ജസ്വലതയോടെ ആരംഭിച്ചു. ആഗസ്റ്റ് 10 മുതൽ 14 വരെ കോഴിക്കോട് സോണിലെ 10 ജയിലുകളിലും ഔദ്യോഗിക സന്ദർശനം നടത്തി. സംസ്ഥാന ഡയറക്ടർ ബഹു. മാർട്ടിൻ തട്ടിൽ അച്ചനോടൊപ്പം സോണൽ ഡയറക്ടർ ബഹു. തോമസ് പാറൻകുളങ്ങര സോണൽ സെക്രട്ടറി സി. ഫിലോ കുഴിക്കാട്ട് SABS, മി. ജോയി എന്നിവർ സന്ദർശനത്തിൽ പങ്കുചേർന്നു.

ഓരോ ജയിലിലേക്കും അധികാരികളെ കണ്ട് കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ കാണിച്ച സഹകരണത്തിന് നന്ദി പറയുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്തു. ആഗസ്റ്റ് 10 ന് കരുണ ഹോസ്റ്റലിൽ വച്ച് നടത്തിയ സോണൽ മീറ്റിംഗിൽ തടവറ മദ്ധ്യസ്ഥനായ വി. മാക്സ്മില്യൺ കോൾബേയുടെ അനുസ്മരണാർത്ഥം വി. ബലിയർപ്പിച്ചു. തുടർന്ന് പുതിയതായി ശുശ്രൂഷയിലേക്ക് കടന്നുവന്നവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകി. ഓരോ ജയിലുകളിലേക്കും ഉള്ള ശുശ്രൂഷകരുടെ ലിസ്റ്റ് തയ്യാറാക്കി. സംസ്ഥാന ഡയറക്ടർ ബഹു. തട്ടിലച്ചൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ഓണത്തോടനുബന്ധിച്ച് കലാപരിപാടികൾ, മത്സരങ്ങൾ എന്നിങ്ങനെ വിവിധ പരിപാടികളോടെ എല്ലാ ജയിലുകളിലും ഓണം ആഘോഷിച്ചു. മധുര പലഹാരങ്ങളും വിതരണം ചെയ്തു.

മോറൽ ക്ലാസ്സ്, കൾചറൽ പ്രോഗ്രാം, വ്യക്തിപരമായ കൗൺസിലിംഗ്, മദ്യപാനം-ലഹരിമരുന്നുകളുടെ ഉപയോഗം എന്നിവയിൽ നിന്നും മോചനം നേടാൻ ആഗ്രഹിക്കുന്നവർക്കുള്ള പ്രത്യേക ബോധവത്ക്കരണ ക്ലാസ്സ് എന്നിവയാണ് പ്രധാനപ്പെട്ട ശുശ്രൂഷാ തലങ്ങൾ. തടവറയിലുള്ളവരുടെയും ഇരകളാക്കപ്പെടുന്നവരുടെയും ഭവനങ്ങൾ സന്ദർശിക്കുന്ന കാര്യവും പ്ലാൻ ചെയ്തുവരുന്നു.

ജയിൽ മിനിസ്ട്രിയുടെ സംസ്ഥാന ഡയറക്ടർ ബഹു. മാർട്ടിൻ തട്ടിലച്ചൻ ആഗസ്റ്റ് 9 ന് ഔദ്യോഗിക സന്ദർശനത്തിനായി വന്നു. അന്നുതന്നെ അഭിവന്ദ്യ റെമീജിയോസ് പിതാവുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് കരുണ ഹോസ്റ്റലിൽ താമസിച്ച് എല്ലാ ജയിലുകളിലേയും സന്ദർശനം പൂർത്തിയാക്കി 13 ന് മടങ്ങിപ്പോവുകയും ചെയ്തു.

സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക പരിപാലനയിലും ശക്തിയിലും ആശ്രയിച്ചുകൊണ്ട് പരസ്പരമുള്ള സഹകരണത്തിലും കൂട്ടായ്മയിലും ഞങ്ങൾ മുമ്പോട്ടു നീങ്ങുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**

ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

17-09-22 ന് സോണൽ കോർ ഓൺലൈനായി കൂടിയ മീറ്റിംഗിൽ 22-09-22 ന് സോണൽ സർവ്വീസ് ടീം കൂടുവാനും മിനിസ്ട്രികളുടെ പുനസംഘടന നടത്തുവാൻ തീയതി നിശ്ചയിക്കുകയും ചെയ്തു.

## കെരിഗ്മ മിനിസ്ട്രി പുനസംഘടന

20-09-22 ന് താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന മീറ്റിംഗിൽ ശ്രീ. ബാബു മേമന കോ-ഓർഡിനേറ്ററും, രാജു മംഗലശ്ശേരി സെക്രട്ടറിയും, ശ്രീ. ബേബി കാക്കവയൽ ട്രഷററുമായി തെരഞ്ഞെടുത്തു. പോൾ ഇ.എം, ബിജു ജോൺ, വക്കച്ചൻ തുണ്ടത്തിൽ, ഡെയ്സി ജോൺ മരിയ എന്നിവർ മറ്റ് സർവ്വീസ് ടീം അംഗങ്ങളുമാണ്.

## ക്രിസ്റ്റീൻ മിനിസ്ട്രി

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ പുനസംഘടന താമരശ്ശേരി അഡോറേഷൻ കോൺവെന്റിൽ വച്ച് 21-09-22 ന് നടന്നു. കോർഡിനേറ്ററായി ശ്രീ. ആന്റണി കോടഞ്ചേരിയും, സെക്രട്ടറിയായി ശ്രീമതി നീമ ദേവഗിരിയെയും, ട്രഷററായി ശ്രീ. ജോൺ പെരിന്തൽമണ്ണയെയും തിരഞ്ഞെടുത്തു. വിന്ദ്യ, ഗീത, ലീലാമ്മ, ബെന്നിച്ചൻ, ജോയിഷ്, ബേബി എന്നിവരാണ് മറ്റ് സർവ്വീസ്ടീം അംഗങ്ങൾ.

## സോണൽ സർവ്വീസ് ടീം

സെപ്റ്റംബർ 22 ന് കാക്കവയൽ പള്ളിയിൽ വച്ച് പുതിയ സോണൽ സർവ്വീസ് ടീമിന്റെ പ്രഥമ മീറ്റിംഗ് ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. പുതിയ വർഷത്തേക്ക് വേണ്ട കർമ്മ പദ്ധതികൾ തയ്യാറാക്കുകയും സ്വപ്നങ്ങൾ പങ്ക് വെക്കുകയും ചെയ്തു. നവീകരണ പ്രവർത്തനങ്ങൾ ശക്തമാകാൻ മദ്ധ്യസ്ഥപ്രാർത്ഥന ശക്തമാക്കാനും മാറിനിൽക്കുന്നവരെ ചേർത്തു നിറുത്തണമെന്നും, യൂത്തിനെയും ക്രിസ്റ്റീനെയും വളർത്തണമെന്നും എൽ.എസ്.എസ് എല്ലാ ഇടവകകളിലും നടത്താനും തീരുമാനിച്ചു. 2022 നവംബർ 1 മുതൽ 2023 നവംബർ 1 വരെ യുവജന വർഷമായി ആചരിക്കാനും, ലത്തീൻ - മലങ്കര പ്രതിനിധികളെ സർവ്വീസ് ടീമിലേക്ക് ചേർക്കുവാനും മേൽപറഞ്ഞ കാര്യങ്ങൾ സുതാര്യമായി നടക്കുവാൻ ഹോം മിഷൻ നടത്തി പ്രാർത്ഥന സ്വരൂപിക്കാനും തീരുമാനിച്ചു.

## ജീവജ്വാല കൗൺസിൽ

30-9-22 പിഎംഒസി യിൽ ഒരുമിച്ചു കൂടിയ സബ്സോൺ കോ-ഓർഡിനേറ്റർമാരുടെ മീറ്റിംഗിൽ വച്ച് ശ്രീ. പൗലോസ് ചീരംകുന്നേൽ കോ-ഓർഡിനേറ്റ

റായും, സെബാസ്റ്റ്യൻ വാമറ്റം സെക്രട്ടറിയായും ജോസ് വടക്കൻ ട്രഷററായും, മത്തായി അറക്കപ്പറമ്പിൽ, ജോസ് കീരിപ്പടവിൽ, ജോൺ കുറ്റിപ്പൂവത്തിങ്കൽ, ജോഷ്വ വെട്ടിക്കൽ, ഷാജി അരികത്തിൽ, ഷാജി കാഞ്ഞിരത്തിങ്കൽ എന്നിവരടങ്ങുന്ന കൗൺസിലും രൂപീകരിച്ചു.

### ഫിനാൻസ്

പിഎംഒസിയിൽ 30-9-22 ന് നടന്ന മീറ്റിംങ്ങിൽ വച്ച് തങ്കച്ചൻ കൊച്ചുവേലിക്കകത്ത് കോർഡിനേറ്ററും എല്ലാ സബ്സോൺ ട്രഷറർമാർ അംഗങ്ങളുമായുള്ള ഫിനാൻസ് കൗൺസിലും നിലവിൽ വന്നു.

### ദമ്പതി മിനിസ്ട്രി

1-10-22 ന് പിഎംഒസി യിൽ വച്ച് നടന്ന ദമ്പതി കൂട്ടായ്മയിൽ ജിന്നി ഷീജ അറയ്ക്കലാട്ട് കോർഡിനേറ്ററും, സെബാസ്റ്റ്യൻ മോളി അമ്പാട്ട്പറമ്പിൽ സെക്രട്ടറിയും, സുമേഷ് ജയ കാണിക്കാടൻ ട്രഷററായും തിരഞ്ഞെടുത്തു. ബാബു മരുതോങ്കര, ബേബി അനിസ്, ജോസ് വിലങ്ങുപാറ, ഷാജു കാഞ്ഞിരത്തിങ്കൽ, തോമസ് ലിസി, അരുൺ നാൻസി എന്നിവർ സർവ്വീസ് ടീം അംഗങ്ങളുമാണ്.

### മദ്ധ്യസ്ഥപ്രാർത്ഥന

അശോകപുരം പള്ളിയിൽ 6-10-22 ന് നടന്ന മീറ്റിങ്ങിൽ ശ്രീ. ബാബു മാളിയേക്കൽ കോർഡിനേറ്ററും ശ്രീ. ജേക്കബ് തോമസ് സെക്രട്ടറിയും ശ്രീമതി സെൽവി അബ്രോസ് ട്രഷററുമായി തിരഞ്ഞെടുത്തു. സൂസി നൂറാംതോട്, ലീന കറുകമാലിൽ, ആന്റണി പെരിന്തൽമണ്ണ, ബാബു എടാട്ട്, ബാബു ചക്കാലക്കൽ, ജോർജ്ജ് ചിറകണ്ടത്തിൽ എന്നിവർ സർവ്വീസ് ടീം അംഗങ്ങളുമാണ്.

### പാരിഷ് മിനിസ്ട്രി

കോഴിക്കോട് അശോകപുരം പള്ളിയിൽ 8.10.22 ന് കൂടിയ മീറ്റിംഗിൽ പ്രകാശ് പുളിന്താനത്ത് കോർഡിനേറ്ററും, അഗസ്റ്റിൻ മഠത്തിൽ സെക്രട്ടറിയായും, ആൻസി ഇലഞ്ഞിക്കൽ ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു. ജോണി പ്ലാംപറമ്പിൽ, ചാണ്ടി ചുമടുതാങ്ങി, പോൾ ഇ.എം. ബെന്നി കിഴക്കേപറമ്പിൽ, എൽസി തോമസ്, ഷിൻസി രാജു എന്നിവർ സർവ്വീസ് ടീം അംഗങ്ങളുമാണ്.

### തുവാനിസ/ സിങ്കിൾസ്

പിഎംഒസി യിൽ വച്ച് 10-10-22 ന് നടന്ന മീറ്റിംങ്ങിൽ വെച്ച് ശ്രീമതി ഷീന ക്ലാര കോർഡിനേറ്ററായും, ലീലാമ്മ കിഴക്കേൽ, സെക്രട്ടറിയായും, ത്രേസ്യാമ്മ പുലിക്കോട്ടിൽ ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു. വത്സമ്മ ചമൽ, ഡെയ്സി ചമൽ, സെലിൻ അശോകപുരം, ജാൻലി തിരൂർ സർവ്വീസ് ടീം അംഗങ്ങളുമാണ്.

### സോണൽ സർവ്വീസ് ടീം മീറ്റിംങ്ങ്

ഒക്ടോബർ 10 ന് പിഎംഒസി യിൽ സർവ്വീസ് ടീം കൂടി ജീവ വാരാഘോഷം ഈ മാസം 23-30 നടത്തേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്തു. നേതൃസംഗമം പിഎം ഒസി യിൽ 15-10 ന് കൂടാനും തീരുമാനിച്ചു.

### നേതൃസംഗമം

ഒക്ടോബർ 10ന് പിഎംഒസി യിൽ എല്ലാ മിനിസ്ട്രിയംഗങ്ങളും സബ്സോൺ സർവ്വീസ് ടീം അംഗങ്ങളും പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സും ഒരു മിച്ചുകൂടി. 86 അംഗങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു.

കെസിബിസി നവീകരണ കമ്മീഷന്റെ മുഖപത്രമായ ജീവജ്വാല എല്ലാ കുടും ബങ്ങളിലും എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. നവം ബർ ഒന്നു തുടങ്ങി ഈ വർഷം മുഴുവനുമുള്ള ചൊവ്വാഴ്ച കുർബാനകളിൽ പ്രാർത്ഥനാ ഗ്രൂപ്പംഗങ്ങൾ പങ്കെടുത്ത് യുവജനങ്ങൾക്കായി സമർപ്പിച്ച് പ്രാർത്ഥി ക്കുവാൻ തീരുമാനമെടുത്തു. ഹോം മിഷൻ നടത്തി പ്രാർത്ഥനകൾ ഇതിനായി സ്വരൂപിക്കാനും തീരുമാനിച്ചു.

ഒക്ടോബർ 26 ന് ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ 75-ാം ജന്മദി നത്തോടനുബന്ധിച്ച് കൃതഞ്ജതാബലി അർപ്പിക്കുകയും ആശംസകൾ നേരു കയും ചെയ്തു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്



# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീ-കാനാ കോഴ്സുകൾ 2023**

| | | | |
|---|---|---|---|
| ജനുവരി | - 12,13,14 | ഫെബ്രുവരി | - 9,10,11 |
| മാർച്ച് | - 9,10,11 | ഏപ്രിൽ | - 3,4,5 & 20,21,22 |
| മെയ് | - 11,12,13 | ജൂൺ | - 8,9,10 |
| ജൂലൈ | - 6,7,8 | ആഗസ്റ്റ് | - 10,11,12 |
| സെപ്റ്റംബർ | - 7,8,9 | ഒക്ടോബർ | - 12,13,14 |
| നവംബർ | - 9,10,11 | ഡിസംബർ | - 7,8,9 & 21,22,23 |

**റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ" (ലൂക്കാ 1:28) എന്ന ദൈവവചനം ഏറ്റുപാടിക്കൊണ്ട് പരിശുദ്ധമറിയത്തെ വാഴ്ത്തിപ്പാടുന്ന പതിനായിരങ്ങളുടെ സാന്നിദ്ധ്യം ബഥാനിയ ഭവനത്തെ അനുഗ്രഹീതമാക്കുന്നു.

### ധ്യാനങ്ങൾ

ഒക്ടോബർ മാസത്തിൽ 7 മുതൽ 10 വരെയും 21 മുതൽ 24 വരെയും രണ്ട് ജീവിതവിശുദ്ധീകരണ ധ്യാനങ്ങൾ ബഥാനിയായിൽ നടന്നു.

### ഏകദിന കൺവെൻഷൻ

ഒക്ടോബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷൻ നടന്നു. കുന്നോത്ത് മേജർ സെമിനാരിയിലെ ദൈവശാസ്ത്ര

അധ്യാപകനായ ഡോ. ജയിംസ് കിളിയനാനിക്കൽ അച്ചനാണ് അന്നേ ദിവസം കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകിയത്.

രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഏകദിന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, വിടുതൽ ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം എന്നിവ ഒരുക്കപ്പെട്ടിരിക്കുന്നു.

### അഖണ്ഡജപമാല

2022 ജൂലൈ 20-ാം തീയതി ആരംഭിച്ച അഖണ്ഡ ജപമാലയും ദിവ്യകാരുണ്യ ആരാധനയും ഒക്ടോബർ 28-ാം തീയതി സമാപിച്ചു. 101 ദിവസങ്ങൾ നീണ്ടുനിന്ന ഈ ശുശ്രൂഷയിൽ പതിനായിരങ്ങളാണ് പങ്കെടുത്തു.

അഖണ്ഡജപമാല സമാപനത്തോടനുബന്ധിച്ച് ഒക്ടോബർ 27-ാം തീയതി വൈകുന്നേരം 6.30 ന് നടന്ന കത്തിച്ച മെഴുക് തിരികൾ ഏന്തിയുള്ള ജപമാല റാലി ഏറെ ദൈവാനുഗ്രഹ പ്രദമായിരുന്നു. ഒക്ടോബർ 28-ാം തീയതിയിലെ സമാപന ശുശ്രൂഷകൾ രാവിലെ 3 മണിക്ക് ആരംഭിച്ചു. അഖണ്ഡജപമാല സമർപ്പണത്തിന്റെ അവസാന ജപമാലക്ക് താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര നേതൃത്വം നൽകി. ദിവ്യകാരുണ്യ ആരാധനയ്ക്കും ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, ഫാ. ഷാരോൺ കൊച്ചുപുരയിൽ, ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ എന്നിവർ നേതൃത്വം ൽകി. 28-ാം തീയതി 11.30 ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. 1.30 ന് നേർച്ചഭക്ഷണത്തോടെ 2022 ലെ അഖണ്ഡജപമാല സമർപ്പണത്തിന് അഭിഷേകം നിറഞ്ഞ പരിസമാപ്തിയായി.

### നവംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 4 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 11 വെള്ളി | - | ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (11-14) |
| 18 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 25 വെള്ളി | - | ഏകദിന കൺവെൻഷൻ |
| | | ജീവിതവിശുദ്ധീകരണ ധ്യാനം (25-28) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## മുട്ടക്കോഴി വിതരണം

കോഴിക്കോട് സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹകരണത്തോടെ KVK സെന്റർ ഫോർ ഓവർ ഓൾ ഡെവലപ്മെന്റ് COD കോടഞ്ചേരി പഞ്ചായത്തിലെ പട്ടികവർഗ്ഗ വനിതകൾക്കായി 500 മുട്ട കോഴികളെ വിതരണം ചെയ്തു. പരിപാടിയുടെ ഉദ്ഘാടന കർമ്മം സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നിർവഹിച്ചു. KVK വെറ്റിനറി സർജൻ ഡോ. ഷണ്മുഖവേൽ കോഴി വളർത്തുന്ന രീതിയെക്കുറിച്ചു ക്ലാസ്സ് എടുത്തു. സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ ജോയ്.കെ.സി, ഏരിയ കോ-ഓർഡിനേറ്റർമാരായ ഷാജി പോൾ, സോളി ബെന്നി എന്നിവർ സംസാരിച്ചു. പരിപാടിയിൽ 50 വനിതകൾ പങ്കെടുത്തു.

## നേതൃത്വ പരിശീലനം

കോടഞ്ചേരി ഗ്രാമ വികസന സമിതിയുടെ (GVS) കീഴിൽ പ്രവർ ത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ നേതാക്കൾക്ക് വേണ്ടികോടഞ്ചേരി GVS ഓഫീസിൽ വച്ച് നേതൃത്വ പരിശീലന പരിപാടി നടത്തി. നേതാക്കളുടെ കടമകൾ,ഉത്തരവാദിത്വങ്ങൾ, നേതൃത്വഗുണങ്ങൾ ,സ്വാശ്രയ സംഘങ്ങൾ നിലവിൽ നേരിടുന്ന വെല്ലുവിളികൾ, കണക്കെഴുതുന്ന രീതികൾ ഇവയെക്കുറിച്ചു സി.ഒ. ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി ക്ലാസ്സ് എടുത്തു. ഏരിയ കോ ഓർഡിനേറ്റർ സോളി ബെന്നി, ടെസ്സി എന്നിവർ പ്രസംഗിച്ചു.

പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ (GVS) കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ നേതാക്കൾക്ക് വേണ്ടി ഈങ്ങാപ്പുഴ വ്യാപാര ഭവനിൽ വച്ചു നേതൃത്വ പരിശീലന പരിപാടി നടത്തി. പരിപാടിയുടെ ഉൽഘാടന കർമ്മം സി.ഒ.ഡി. അസ്സോസിയേറ്റ് ഡയറക്ടറും KLM ഡയറക്ടറുമായ ഫാ. ജെയ്സൺ കാരക്കുന്നേൽ നിർവഹിച്ചു. സി.ഒ. ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ ജോയ് കെ.സി, ഏരിയ കോ ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു. നേതാക്കൾക്ക് വേണ്ട ഗുണങ്ങൾ. പ്രശ്നങ്ങൾ നേരിടാനുള്ള കഴിവ് , തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് എന്നീ വിഷയങ്ങളെക്കുറിച്ചു സി.ഒ.ഡി പ്രൊജക്റ്റ് കോ ഓർഡിനേറ്റർ കുമാരി ടീന വിൽസൺ ക്ലാസ്സ് എടുത്തു. മാതൃദിനത്തോടനുബന്ധിച്ചു സ്വാശ്രയ സംഘങ്ങൾ നല്ല 'അമ്മ'യായി തിരഞ്ഞെടുത്ത ത്രേസ്യാമ്മ തോമസിനെ ആദരിച്ചു. COD സ്റ്റാഫ് എന്ന നിലയിലും, നല്ല അമ്മ എന്ന നിലയിലും ചേച്ചിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു ആദരണ ചടങ്ങിൽ വച്ച് ഫാ. ജെയ്സൺ കാരക്കുന്നേൽ അ

നുമോദിച്ചു. ഗ്രാമ വികസന സമിതി നൽകുന്ന മൊമെന്റോയും, പാരിതോഷികവും ബഹു. ജെയ്സൺ അച്ചൻ നൽകുകയും ചെയ്തു. പരിപാടിയിൽ സബിത, ലിന, റോയി കുര്യൻ എന്നിവർ പ്രസംഗിച്ചു.

### പച്ച മരുന്ന് നിർമാണവും പരിശീലനവും

ആനക്കയം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ വച്ച് 'താലീസ് പത്രാദി ചൂർണം' നിർമ്മിച്ചു. ചുമ, കഫക്കെട്ട് ഇവക്ക് ഏറ്റവും ഫലപ്രദമായ മരുന്നാണ് ഇത്. ഇതിൽ ചേർക്കേണ്ട പച്ചമരുന്നുകളും, അവയുടെ ഔഷധ ഗുണത്തെക്കുറിച്ചും ക്ലാസ് എടുത്തു. ക്ലാസ്സിന് ഏരിയ കോ ഓർഡിനേറ്റർ തങ്കമ്മ സേവ്യർ നേതൃത്വം നൽകി.

ചിരട്ടമല ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ മുറിവെണ്ണ നിർമ്മാണം നടത്തി. പ്രാദേശികമായി ലഭിക്കുന്ന പച്ച മരുന്നുകളെ ക്കുറിച്ചും അവയുടെ ഔഷധ ഗുണത്തെക്കുറിച്ചും ക്ലാസ് നയിച്ചു. പച്ച മരുന്നുകൾ ചേർക്കേണ്ട രീതി, അവയുടെ അളവും തൂക്കവും, മുറിവെണ്ണ പാകപ്പെടുത്തേണ്ട രീതി ഇവ പഠിതാക്കൾക്ക് പറഞ്ഞു കൊടുത്തു. പരിശീലന പരിപാടിക്ക് ഏരിയ കോ ഓർഡിനേറ്റർ തങ്കമ്മ സേവ്യർ നേതൃത്വം നൽകി.

### ആശാകിരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD യും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയും, പുല്ലാഞ്ഞിമേടുള്ള യേശുഭവൻ MSJ സിസ്റ്റേഴ്സിന്റെ സഹായത്തോടെ സെപ്റ്റംബർ 6 ന് മരുതോങ്കര സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് കാൻസർ ബോധവത്കരണ ക്ലാസ്സും , ബ്രെസ്റ്റ് സ്ക്രീനിംഗ്, പാപ്സ്മിയർ ടെസ്റ്റ്, ഒറൽ പരിശോധന എന്നിവയും നടത്തി. കാൻസർ ബോധവത്കരണ ക്ലാസ്സ് ഡോ. ഫിൻസ് എം. ഫിലിപ്പ് നയിച്ചു. പ്രോജെക്ട് കോ-ഓർഡിനേറ്റർ സി. സജീവ, സി. അമൽ, സി.ഒ.ഡി. പ്രോഗ്രാം കോ ഓർഡിനേറ്റർ ജോയ് കെ.സി, ഏരിയ കോഓർഡിനേറ്റർ ഷാജി പോൾ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ 30 പേർ പങ്കെടുത്തു. 15 പേർ പരിശോധന ചെയ്തു. അടുത്ത ക്യാമ്പ് ഒക്ടോബർ 18 ന് വിലങ്ങാട് വച്ച് നടത്തപ്പെടും.

### ജല ജീവൻ മിഷൻ

### റണ്ണിംഗ് LED ഡിസ്പ്ലേ ബോർഡ്

ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങളുടെ കൃത്യമായ വിവരങ്ങളും പഞ്ചായത്തിൽ സമ്പൂർണ്ണ ജലവിതരണം ലക്ഷ്യമിടുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഹ്രസ്വ വീഡിയോകളും അടങ്ങുന്ന പത്ത് ചതുരശ്ര അടി വിസ്തീർണ്ണമുള്ള റണ്ണിംഗ് എൽ.ഇ.ഡി.ഡിസ്പ്ലേ ബോർഡ് പഞ്ചായത്ത് ഓഫീസിൽ

സ്ഥാപിച്ചു. പ്രസിഡണ്ട് പി. അബ്ദുൽ നാസർ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ വൈസ് പ്രസിഡണ്ട് എം.എം. രാധാമണി ടീച്ചർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ യൂനുസ് അമ്പലക്കണ്ടി, സൈനുദ്ദീൻ കൊളത്തക്കര, ഒ.പി.സുഹറ, പഞ്ചായത്തംഗങ്ങളായ കെ.ആനന്ദകൃഷ്ണൻ, എം. ഷീജ ബാബു, കെ. കരുണാകരൻ മാസ്റ്റർ, മൂസ നെടിയേടത്ത്, സീനത്ത് തട്ടാഞ്ചേരി, എം.ഷീല, ഡി. ഉഷാ ദേവി ടീച്ചർ, ജൽ ജീവൻ മിഷൻ പഞ്ചായത്ത് ടീം ലീഡർ ജ്യോതിസ് ജോസ് എന്നിവർ സംസാരിച്ചു. ജല ജീവൻ മിഷൻ അനുവദിച്ച ഡിസ്പ്ലേ ബോർഡിൽ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന സർക്കാറിന്റെ വിവിധ പദ്ധതികളുടെ വിവരങ്ങളും ജനോപകാരപ്രദമായ ലഘു വീഡിയോളും നിരവധി പേർക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ കഴിയുന്നതാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിൽ റണ്ണിങ് LED ഡിസ്പ്ലേ ബോർഡിന്റെ സ്വിച്ച് ഓൺ കർമ്മം 20/09/2022 ചൊവ്വാഴ്ച ഉച്ചക്ക് 2.30pm ന് ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആദർശ് ജോസഫ് നിർവഹിച്ചു. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, മുഴുവൻ വാർഡിലെയും മെമ്പർമാർ,തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ മറ്റ് പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്ത പരിപാടിയിൽ ജൽ ജീവൻ മിഷൻ ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് ഐ. എസ്. എ സി. ഒ. ഡി. പ്രതിനിധി ജ്യോതിസ് ജോസ് എന്നിവരും പങ്കെടുത്തു.

### ജലശ്രീ ക്ലബ്ബ് രൂപീകരണം

ജലശ്രീ ക്ലബ്ബ് സ്കൂൾ തലത്തിൽ രൂപീകരിക്കുന്നതിന്റെ ലക്ഷ്യം കുട്ടികളിലൂടെ ജലം അമൂല്യമാണ് എന്ന അറിവ് സ്വായത്തമാക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ്. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠന വിധേയമാക്കുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ (മഴ വെള്ള സംഭരണം, ജലസംരക്ഷണ രീതികൾ, മലിന ജല സംസ്കരണം etc.) വീടുകളിലും സ്കൂളിലും നടപ്പിൽ വരുത്തുക.

കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി G. L. P. S പൂവറൻതോട്, G. L. P. S മഞ്ഞക്കടവ്, ലിറ്റിൽ ഫ്ളവർ L. P സ്കൂൾ പുഷ്പഗിരി, സെന്റ്. സെബാസ്റ്റ്യൻസ് L. P സ്കൂൾ കൂടരഞ്ഞി എന്നിവിടങ്ങളിൽ ജലശ്രീ ക്ലബ്ബ് രൂപീകരണം നടത്തി.

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പുന്നക്കൽ MAMA UP സ്കൂളിൽ വച്ച് LP, UP വിഭാഗം ജലശ്രീ ക്ലബ് രൂപീകരിച്ചു. ജല ടീം ലീഡർ റെനി സാബു ജലശ്രീ ക്ലബ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു വിവരിച്ചു. ഓരോ ക്ലബ്ബിലേക്കും രണ്ടു വീതം കുട്ടികളെയും, അദ്ധ്യാപകരെയും പ്രതിനിധികളായി തിരഞ്ഞെടുത്തു.

കിഴക്കോത്തു ഗ്രാമപഞ്ചായത്തിൽ ജല ജീവൻ ടീം ലീഡർ ഷാദിയയുടെ നേതൃത്വത്തിൽ 10 സ്കൂളുകളിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. MJHSS സ്കൂളിൽ വെച്ച് ജലശ്രീ ക്ലബ് ന്റെ ഉൽഘാടനം പ്രസിഡന്റ് പി പി നസ്‌രിൻ ഉൽഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് വിനോദ് കുമാർ അധ്യക്ഷ വഹിച്ചു. VP അഷ്‌റഫ്, ജബ്ബാർ (വാർഡ് മെമ്പേഴ്സ്) ആശംസ അറിയിച്ചു. ആൽബിൻ ടോമി ജലശ്രീ ക്ലബിനെക്കുറിച്ച് വിശദീകരിച്ചു. കൂടാതെ GMUPS എളേറ്റിൽ സ്കൂൾ, കിഴക്കോത്ത് ന്യൂ, കിഴക്കോത്ത് ഈസ്റ്റ് സ്കൂൾ, കിഴക്കോത്ത് നോർത്ത് സ്കൂൾ, പന്നൂർ UP സ്കൂൾ, പന്നൂർ ഹൈ സ്കൂൾ, പന്നൂർ ഈസ്റ്റ്, AMLP വലിയപറമ്പ്, പന്നൂർ ഈസ്റ്റ്, സ്കൂളുകളിലും ജലശ്രീ ക്ലബ് നിർമിച്ചു. ബോധവൽക്കരണം പരിപാടികളും, ജലശ്രീ ക്ലബ് വിവരണവും കൂടി നടത്തി.

**ജല ഗുണ പരിശോധന ക്യാമ്പ്**

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പുന്നക്കൽ ലൈബ്രറി, തൊണ്ടിമ്മൽ അംഗനവാടി എന്നിവിടങ്ങളിൽ വച്ച് ജലജീവൻ ടീം ലീഡർ റെനി സാബുവിന്റെ നേതൃത്വത്തിൽ ജല ഗുണ പരിശോധന ക്യാമ്പ് നടത്തി. വാർഡ് മെമ്പർ ലിസി സണ്ണി, ബിനാ എന്നിവർ ഉദ്ഘാടനം ചെയ്തു. COD ISA പ്രതിനിധി ഷാദിയ ക്ലാസ് എടുത്തു. വെള്ളത്തിൽ എന്തെങ്കിലും പ്രത്യേകം മൂലകങ്ങൾ കണ്ടെത്തിയാൽ അതിനുള്ള പരിഹാര മാർഗ്ഗത്തെക്കുറിച്ചു പറഞ്ഞു.

**ജല ശുചിത്വ സമിതി രൂപീകരണം**

കിഴക്കോത്തു ഗ്രാമപഞ്ചായത്തിൽ ജല ജീവൻ ടീം ലീഡർ ഷാദിയയുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജല ശുചിത്വ സമിതി രൂപീകരിച്ചു.

**മദർ തെരേസ IELTS & OET പരിശീലന കേന്ദ്രം**

താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സി.ഒ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന പുതുപ്പാടി മദർ തെരേസ IELTS & OET പരിശീലന കേന്ദ്രത്തിന്റെ 7 മത് വാർഷികവും, വി. മദർ തെരേ സയുടെ തിരുനാളും സംയുക്തമായി കൊണ്ടാടി. സെപ്റ്റംബർ 15 ന് ഉച്ചക്ക് ശേഷം 2 .30 ന്, താമരശ്ശേരി രൂപതാധ്യക്ഷനും ഈ സ്ഥാപനത്തിന്റെ രക്ഷാധികാരിയുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. തുടർന്ന് നടന്ന സമ്മേളനം പിതാവ് ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, സി.ഒ.ഡി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരക്കൽ പുതുപ്പാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന തങ്കച്ചൻ, മുൻ പ്രസിഡന്റ് ഗിരീഷ് ജോൺ, വാർഡ് അംഗം രാധ, എം.എ. മത്തായി, ടി.ജെ. ജോസഫ്, എന്നിവർ പ്രസംഗിച്ചു.

## ഓണാഘോഷ പരിപാടികൾ

സെന്റർ ഫോർ ഓവർ ഓൾ ഡെവലൊപ്മെന്റ് COD 05/09 / 2022 ന് താമരശ്ശേരി കത്തീഡ്രൽ പള്ളി പാരിഷ് ഹാളിൽ വച്ച് ഓണാ ഘോഷ പരിപാടികൾ നടത്തി. ഓണപ്പൂക്കളം ഇട്ടു പരിപാടികൾക്കു തുടക്കമായി. കത്തീഡ്രൽ പള്ളി വികാരി ഫാ. മാത്യു പുളിമൂട്ടിൽ വിശിഷ്ടാതിഥി ആയിരുന്നു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ സ്വാഗതം ആശംസിച്ചു. രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഓണസന്ദേശം നൽകി. COD സ്റ്റാഫ് അംഗങ്ങൾ, കോ ഓർഡിനേറ്റർമാർ, ടൈലറിങ് യൂണിറ്റ് അംഗങ്ങൾ, SAFE സൂപ്പർ മാർക്കറ്റ് സ്റ്റാഫ്, മദർ തെരേസ ട്രെയിനിങ് സ്റ്റാഫ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു. COD അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരക്കലിന്റെ പിറന്നാൾ കേക്ക് മുറിച്ചു ആഘോ ഷിച്ചു. വിവിധങ്ങളായ ഓണാഘോഷ മത്സരയിനങ്ങൾ വടം വലി, കസേരകളി, നാരങ്ങാ സ്പൂൺ ഓട്ടം, കുപ്പിയിൽ വെള്ളം നിറക്കൽ എന്നിവ നടത്തി. വൈദികരും സ്റ്റാഫ് അംഗംങ്ങളും മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്ക് സമ്മാനം വിതരണം നടത്തി. COD ഡയറക്ടർ എല്ലാവർക്കും ഓണം സമ്മാനം നൽകി. വിഭവ സമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു.

കൂടരഞ്ഞി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി. വിവിധ ഇനം മത്സര പരിപാടികൾ നടത്തി. വിജയികൾക്ക് സമ്മാനം നൽകി. GVS പ്രസിഡന്റ് നബിദ അധ്യക്ഷത വഹിച്ചു. ഏരിയാ കോ ഓർഡിനേറ്റർ ഷൈനി സിബി പരിപാടി ഉദ്ഘാടനം ചെയ്തു.

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയും, ഓടക്കയം MCC യും ചേർന്ന് ഓണാഘോഷം നടത്തി. കുട്ടികൾക്കും, മുതിർന്നവർക്കും വേർതിരിച്ചു മത്സര പരിപാടികൾ സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനം നൽകി . GVS പ്രസിഡന്റ് മേഴ്‌സി ജെയിംസ്, ഏരിയാ കോ ഓർഡിനേറ്റർ ഷൈനി സിബി എന്നിവർ നേതൃത്വം കൊടുത്തു.

തിരുവമ്പാടി ഗ്രാമ വികസനസമിതിയുടെ നേതൃത്വത്തിൽ ആനക്കാംപൊയിലിൽ വച്ച് ഓണാഘോഷം നടത്തി. വിവിധ ഇനം കല കായിക പരിപാടികൾ നടത്തി. വിജയികൾക്ക് സമ്മാനം നൽകി. GVS ഭരണ സമിതി അംഗങ്ങൾ, വിവിധ സംഘങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ഏരിയാ കോ ഓർഡിനേറ്റർ റെനി സാബു എന്നിവർ പങ്കെടുത്തു.

മലപ്പുറം ജില്ലയിലെ പരിയാപുരം, ചിരട്ടമല, ആനക്കയം, വെള്ളില, പാലൂർകോട്ട എന്നീ പ്രദേശങ്ങളിലെ ഗ്രാമ വികസന സമിതികൾ വിവിധ ഇനം കല കായിക മത്സരങ്ങളുടെ അകമ്പടിയോടെ ഓണാഘോഷം നടത്തി. വിജയികൾക്ക് സമ്മാനം നൽകി. ഗ്രാമ വികസന സമിതി ഭാരവാഹികൾ, വിവിധ സ്വാശ്രയ

സംഘങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, പ്രാദേശികതല സന്നദ്ധപ്രവർത്തകർ, വയോജനങ്ങൾ, കുട്ടികൾ എന്നിവർ പങ്കെടുത്തു. COD ഏരിയാ കോ ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

കോടഞ്ചേരി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പാറമല, തുഷാരഗിരി എന്നീ MCC കളിൽ ഓണാഘോഷവും, വിവിധ ഇനം കല കായിക പരിപാടികളും നടത്തി. വിജയികൾക്ക് സമ്മാനം നൽകി COD ഏരിയാ കോ ഓർഡിനേറ്റർ സോളി ബെന്നി പരിപാടികൾക്ക് നേതൃത്വം കൊടുത്തു. പ്രാദേശിക നേതാക്കൾ, ജനപ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

കായണ്ണ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ഓണാ ഘോഷവും വിവിധ ഇനം കായിക മത്സരങ്ങളും, ഓണസദ്യയും നടത്തി. സംഘം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. മത്സരവിജയികൾക്ക് ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ സമ്മാനം നൽകി.

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കക്കയം, കാളങ്ങാലി, കാരിയാത്തുംപാറ, കാറ്റുള്ളമല എന്നീ പ്രദേശങ്ങളിൽ വച്ച് ഓണാഘോഷവും വിവിധ ഇനം കല കായിക മത്സരങ്ങളും നടത്തി. വിജയികൾക്ക് സമ്മാനം നൽകി. വയോജന കൂട്ടായ്മകൾ, മഹിളാ സമാജങ്ങൾ, സ്വാശ്രയ സംഘ പ്രതിനിധികൾ, ജനപ്രതിനിധികൾ, ഇതര സന്നദ്ധ സംഘടന പ്രവർത്തകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. COD ഏരിയ കോ ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# യേശുനിധി

21.09.2022 മുതൽ 20.10.2022 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Kalikavu | 10,000.00 |
| 2 | Kallanode | 15,000.00 |
| 3 | Kodanchery | 20,000.00 |
| 4 | Koorachundu | 15,000.00 |
| 5 | Koorachundu | 10,000.00 |
| 6 | Mailellampara | 5,000.00 |
| 7 | Perambra | 15,000.00 |
| 8 | PT Chacko Nagar | 5,000.00 |
| 9 | Pulloorampara | 10,000.00 |
| 10 | Thottumukkam | 15,000.00 |
| 11 | Valiyakolly | 10,000.00 |

## Home

| | | |
|---|---|---|
| 12 | Chathangottunada | 20,000.00 |
| 13 | Chathangottunada | 25,000.00 |
| 14 | Chippilithode | 15,000.00 |
| 15 | Chundathumpoil | 15,000.00 |
| 16 | East Hill | 20,000.00 |
| 17 | Erude | 20,000.00 |
| 18 | Kakkavayal | 20,000.00 |
| 19 | Kariyathumpara | 15,000.00 |
| 20 | Koorachundu | 15,000.00 |
| 21 | Malappuram | 20,000.00 |
| 22 | Maramchatty | 20,000.00 |
| 23 | Nooramthode | 15,000.00 |
| 24 | Thamarassery | 15,000.00 |

## Medical

| | | |
|---|---|---|
| 25 | Anackampoil | 10,000.00 |
| 26 | Chamal | 20,000.00 |
| 27 | Chappanthottam | 10,000.00 |
| 28 | Kakkayam | 20,000.00 |
| 29 | Kakkayam | 10,000.00 |
| 30 | Kallanode | 10,000.00 |
| 31 | Kallurutty | 15,000.00 |
| 32 | Kodanchery | 15,000.00 |
| 33 | Kodanchery | 10,000.00 |
| 34 | Koorachundu | 15,000.00 |
| 35 | Mailellampara | 10,000.00 |
| 36 | Manjuvayal | 10,000.00 |
| 37 | Mariapuram | 8,000.00 |
| 38 | Muthukad | 10,000.00 |
| 39 | Passukadave | 15,000.00 |
| 40 | Passukadave | 15,000.00 |
| 41 | Poothampara | 10,000.00 |
| 42 | Poovaramthode | 20,000.00 |
| 43 | Thamarassery | 15,000.00 |
| 44 | Thazhekode | 15,000.00 |
| 45 | Thiruvambady | 15,000.00 |
| 46 | Thottumukkam | 15,000.00 |
| 47 | Valillapuzha | 15,000.00 |
| 48 | Valliyadu | 8,000.00 |
| 49 | Vilangad | 15,000.00 |

## Marriage

| | | |
|---|---|---|
| 50 | Manjakunnu | 20,000.00 |
| 51 | Mariapuram | 10,000.00 |
| 52 | Mariapuram | 10,000.00 |

## Miscellaneous

| | | |
|---|---|---|
| 53 | Balussery | 20,000.00 |
| 54 | Kalkundu | 15,000.00 |
| 55 | Koodathai | 1,000.00 |

**Total 7,72,000.00**

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ



# CHRISTIAN HOPE IS THE LORD'S FREE GIFT



Christian hope is a free gift of the Lord that we must ask for, an "anchor that we have on the other side, where Jesus awaits us".

In moments of joy as well as in moments of trial, even when death is approaching, "let us repeat, as Job did: I know that my Redeemer lives, and I will see Him with my own eyes". This is Christian hope, the Pope said, a gift that only the Lord can give us, if we ask Him for it.

Pope Francis explained that Job is feeling "lower, lower, and lower", but that at that moment "there is that embrace of light and warmth that reassures him: "I myself will see him with my own eyes - I, and not another."

The Pope underlined that this certainty, that arrives almost at the moment of the end of life "is Christian hope". This hope is a gift, and "we cannot have it", we must ask for it: "Lord, give me hope". There are many ugly things that lead us to despair, to believe that everything will be a final defeat, that after death there is nothing, said the Pope, "but the voice of Job returns."

Hope, adds the Pope, "is a free gift that we never deserve: it is given, it is given. It is grace". And in the passage from John's Gospel, Jesus confirms "this hope that does not disappoint: 'All that the Father gives me will come to me. This is the purpose of hope: to go to Jesus". The Lord, concluded the Pontiff, is He "who receives us there, where there is an anchor. Life in hope is living like this: clinging, with the rope in your hand, strong, knowing that the anchor is there".

*(2020 November 02, Vatican)*

THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-10-2022 |



ജയ് ജയ് ക്രിസ്തുരാജൻ

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 24, issue 11, November 2022, Pages 52.